# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.10)1063/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 21/10/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.10)1063/25 തീയ്യതി: 21/10/2025

## എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-08-2025 | 30-08-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-08-2025 | 30-08-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയ ബീവി ജെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി കവിത എസ് കണ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സഫിയ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബെറ്റ്സി സി.എക്സ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേഷ് കെ ജി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. മനു റ്റി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീ. വി പി ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 29-04-2024 | 31-05-2024 |
| ശ്രീ. മനു റ്റി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 22-09-2024 |
| ശ്രീമതി ഷംന കെ കെ | സെക്രട്ടറി | 23-09-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മനു റ്റി.പി. | അസി.സെക്രട്ടറി | 01-04-2024 | 02-10-2024 |
| ശ്രീ സ്റ്റാൻലി സി | അസി.സെക്രട്ടറി | 03-10-2024 | 31-03-2025 |
| ശ്രീമതി മേരി ശിൽപ കെ. തോമസ് | കൃഷി ഓഫീസർ | 01-04-2024 | 02-04-2024 |
| ശ്രീമതി ജോൽസന എം | കൃഷി ഓഫീസർ | 03-04-2024 | 31-03-2025 |
| ഡോ.ജിൻസ ജോർജ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. സുധീഷ് കെ. | മെഡിക്കൽ ഓഫീസർ,പി.എച്.സി | 01-04-2024 | 31-03-2025 |
| ഡോ.അമ്പിളി കെ.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി എയ്ഞ്ചൽ സഞ്ജു ഡിക്കൂഞ്ഞ, | എച്.എം., ജി.എൽ.പി.എസ്. ചേരാമല്ലൂർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഷൈമ ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 20-07-2024 |
| ശ്രീമതി ബിന്ദുജ കെ എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-07-2024 | 31-03-2025 |
| ശ്രീ. അൽക്ക ആർ.ബാബു | ഫിഷറീസ് ഓഫീസർ | 01-04-2024 | 01-02-2025 |
| ശ്രീമതി ദിവ്യ ടി ബാബു | ഫിഷറീസ് ഓഫീസർ | 02-02-2025 | 31-03-2025 |
| ഡോ.സിന്ധു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി ഷഹന എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 08-08-2024 |
| ശ്രീമതി ജസ്മൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-08-2024 | 17-10-2024 |
| ശ്രീമതി ധനുഷ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-10-2024 | 31-03-2025 |
| ശ്രീമതി ഷജിത കെ.ബി. | വി.ഇ.ഒ. ചിറ്റൂർ സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. ദേവദാസ് ഡി.എച്. | വി.ഇ.ഒ.ചേരാനല്ലൂർ സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി ഫെമിന പി.വൈ. | അസി. എഞ്ചിനീയർ | 01-04-2024 | 18-09-2024 |
| ശ്രീ വിവിൻ നെൽസൺ | അസി.എഞ്ചിനീയർ | 19-09-2024 | 31-03-2025 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | റിഡംപ്ഷൻ തുക വിശദാംശങ്ങൾ ലഭ്യമല്ല | 1-1-3 |
| 5 | ഗ്രാന്റ് തുക ഹെഡ് മാറി വരവ് വച്ചു | 1-1-4 |
| 6 | ജോയിന്റ് വെഞ്ച്വർ (ജില്ല പഞ്ചായത്ത്)-648000/- രൂപയുടെ ചെലവ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | തൊഴിൽ നികുതി - അപാകതകൾ- വരവ് നഷ്ടം-₹5490/- | 1-10 |
| 16 | വസ്തു നികുതി കുടിശ്ശിക ₹42,45,617.00 നിലനിൽക്കുന്നു- | 1-11 |
| 17 | വാടക അപാകതകൾ - കുടിശ്ശിക ₹1,52,100/- | 1-12 |
| 18 | ആംബുലൻസ് വാടക അപാകതകൾ | 1-13 |
| 19 | ശ്മശാനം നടത്തിപ്പ് - കുടിശ്ശിക ₹50,000/- | 1-14 |
| 20 | ചിറ്റൂർ- മൂലമ്പിള്ളി കടത്ത് നടത്തിപ്പ് - കുടിശ്ശിക- ₹1,25,000/- | 1-15 |
| 21 | ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ-ആവശ്യകത പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 22 | ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-17 |
| 23 | ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല- 15 ലക്ഷം രൂപ നഷ്ടമായി. | 1-18 |
| 24 | ഇലക്ഷൻ ഡെപ്പോസിറ്റ് മുതൽകൂട്ടിയില്ല | 1-19 |
| 25 | ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പണമാക്കിയില്ല-₹19644 രൂപ ഏഴ് വർഷമായി ഐ.കെ.എം അക്കൗണ്ടിൽ | 1-20 |
| 26 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായതിലും അധികം തുക അനുവദിച്ചു | 1-21 |

| | | |
|---|---|---|
| 27 | സാന്ത്വന പരിചരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ-₹3,60,983 തടസ്സപ്പെടുത്തുന്നു | 1-22 |
| 28 | വിദ്യാർഥികൾക്ക് തായ്കോണ്ടോ പരിശീലനം- മാർഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി നടപ്പാക്കി- ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 29 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്പീച്ച് തെറാപ്പിയും ഫിസിയോ തെറാപ്പിയും -പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-24 |
| 30 | ധാരപാത്തി ഉപയോഗക്ഷമമാക്കിയിട്ടില്ല | 1-25 |
| 31 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല - ₹1,23,896.00 തടസ്സപ്പെടുത്തുന്നു. | 1-26 |
| 32 | പകൽ വീട് അടിസ്ഥാന സൗകര്യം ഒരുക്കൽ - വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. | 1-27 |
| 33 | പച്ചക്കറി കൃഷി വികസനം സ്കൂളിൽ- അപാകതകൾ | 1-28 |
| 34 | ക്യാമറ സ്ഥാപിക്കൽ - അപാകതകൾ | 1-29 |
| 35 | വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം | 1-30 |
| 36 | കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുക്കേണ്ടതാണ്. | 1-31 |
| 37 | സർവ്വ ശിക്ഷ കേരളം തുക കൈമാറൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-32 |
| 38 | ഹരിശ്രീ നഗർ കോളനി-ഇടയക്കുന്നം പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം വിനിയോഗവിവരം ഹാജരാക്കേണ്ടതാണ്. | 1-33 |
| 39 | തെരുവ് വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-34 |
| 40 | കുടിവെള്ള പൈപ്പ് ലൈൻ മാറ്റൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-35 |
| 41 | ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്- വാർഷിക ഓഡിറ്റ് 2024-25 –അനർഹമായി വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - സംബന്ധിച്ച്. | 1-36 |
| 42 | ജൽജീവൻ മിഷൻ-അവലോകനം | 1-37 |
| 43 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-38 |
| **ഭാഗം 2** | | |
| 1 | തൊഴിൽനികുതി കുറവായി ഈടാക്കി - വരവ് നഷ്ടം ₹5490/- | 2-1 |
| **ഭാഗം 3** | | |
| 1 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായതിലും അധികം തുക അനുവദിച്ചു-5000/- | 3-1 |

| | | |
|---|---|---|
| | രൂപ നിരാകരിക്കുന്നു | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം -അവലോകനം | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് – സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.07.2025-ലെ (1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
വിശേഷണങ്ങളോടു കൂടിയ അഭിപ്രായം
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024 – 25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.
സ്ഥലം : എറണാകുളം
തീയതി: 21.10.2025

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent” ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹26432324 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity” ആയി രേഖപ്പെടുത്തിയിട്ടുള്ളത് -₹13884543 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 റിഡംപ്ഷൻ തുക വിശദാംശങ്ങൾ ലഭ്യമല്ല

റിഡംപ്ഷൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ₹15,10,920 തുകയിൽ ₹15,05,173 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ള തുകയാണ്. എന്നാൽ ബാക്കി ₹5547 ഏതിനത്തിൽ ലഭിച്ചിട്ടുള്ളതാണെന്നത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല.

### 1-1-4 ഗ്രാന്റ് തുക ഹെഡ് മാറി വരവ് വച്ചു

ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റിനത്തിൽ അനുവദിച്ച രണ്ടാം ഗഡു തുക ₹316 വാർഷിക കണക്കിൽ ടൈഡ് ഗ്രാന്റ് ഹെഡിലാണ് വരവ് വച്ചിട്ടുള്ളത്. വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം-4/22.08.2025) നടപ്പ് വർഷം മേൽ തുക ടൈഡ് ഗ്രാന്റിൽ നിന്നും ബേസിക് ഗ്രാന്റിലേയ്ക്ക് മാറ്റി ഹെഡ് ബാലൻസ് ക്രമീകരിക്കുന്നതാണെന്നറിയിച്ചു.

### 1-1-5 ജോയിന്റ് വെഞ്ച്വർ (ജില്ല പഞ്ചായത്ത്)-648000/-രൂപയുടെ ചെലവ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല

ജോയിന്റ് വെഞ്ച്വർ – ജില്ല പഞ്ചായത്തിന്റെ ആകെ ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം ₹32,19,715 ആയിരുന്നു. എന്നാൽ വാർഷിക കണക്കിൽ ₹25,71,715 രൂപയാണ് ചെലവായി കാണിച്ചത്. ₹648000 രൂപയുടെ വ്യത്യാസത്തിന് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം.4/22.08.2025) വാർഷികകണക്ക് തയ്യാറാക്കുന്ന സമയത്ത് മേൽ തുക റവന്യൂ ചെലവായി ജേർണൽ ചെയ്യാൻ വിട്ടുപോയതാണെന്നും നടപ്പ് വർഷം ശരിയായ ഹെഡിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു.

### 1-2 ബജറ്റ്

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 21.02.2025 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പരിഷ്കരിച്ച ബജറ്റ് 18.03.2025 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരിപ്പ് | ₹2,88,17,779 | ₹3,73,75,905 |
| വരവ് | ₹26,08,28,840 | ₹26,08,28,840 |
| ആകെ | ₹28,96,46,619 | ₹29,82,04,745 |
| ചെലവ് | ₹26,93,10,929 | ₹27,01,85,929 |
| നീക്കിയിരിപ്പ് | ₹2,03,35,690 | ₹2,80,18,816 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹3,77,28,837.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹11,18,72,051.74 |
| ആകെ | : | ₹14,96,00,888.74 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹8,54,39,727.00 |
| നീക്കിയിരിപ്പ് | : | ₹6,41,61,161.74 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ബില്ല് പ്രകാരം മാറ്റിയെടുത്ത ഗ്രാന്റുകൾ മുഴവൻ ഉൾപ്പെട്ടിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,26,27,739 | 2,26,27,739 | 2,21,72,388 | | 4,55,351 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 52,25,261 | 52,25,261 | 41,72,339 | | 10,52,922 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 94,07,000 | 94,07,000 | 81,79,928 | | 12,27,072 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 34,25,000 | 34,25,000 | 23,95,555 | | 10,29,445 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 11,85,526 | 80,23,816 | 92,09,342 | 46,36,272 | 45,73,070 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | | 2,75,736 | 2,75,736 | 2,75,736 | | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied) ബേസിക് | 2,73,845 | 40,37,281 | 43,11,126 | 28,41,369 | 14,69,757 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ഐ.സി.ഡി.എസ് - 320 100 196 | 9,53,513 | 22,97,507 | 32,51,020 | 6,16,800 | 26,34,220 | |
| സ്വച്ഛ് ഭാരത് അഭിയാൻ -320 100 174 | 0 | 1,44,000 | 1,44,000 | 1,44,000 | 0 | |
| ടോട്ടൽസാനിട്ടേഷൻ - 320 100 181 | 57720 | 0 | 57720 | 0 | 57720 | |
| എം പി എൽ എ ഡി എസ് - 320 200 307 | 0 | 6,33,371 | 6,33,371 | 6,33,371 | 0 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് – 320 200 304 | 522236 | 0 | 522236 | 0 | 522236 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| Rural Housing-320 100 160 | 12,80,000 | 8,00,000 | 20,80,000 | 16,00,000 | 4,80,000 | |
| സാക്ഷരത-320 100 197 | 3710 | 103 | 3813 | 0 | 3813 | |
| ശുചിത്വ മിഷൻ ഫണ്ട് - 320 100 198 | 15,86,597 | 72,000 | 16,58,597 | 18,000 | 16,40,597 | |
| വെറ്റിനറി സർവീസ് & ആനിമൽ ഹെൽത്ത് – | 450000 | 0 | 450000 | 0 | 450000 | |

| | | | | | | |
|---|---|---|---|---|---|---|
| 320 100 185 | | | | | | |
| സമ്പൂർണ്ണ ശുചിത്വം – 320 300 103 | 12121 | 0 | 12121 | 0 | 12121 | |
| ആർ.എസ്.ബി.വൈ ഗ്രാന്റ്- 320 300 199 | 593902 | 0 | 593902 | 0 | 593902 | |
| ഹെൽത്ത് ഗ്രാന്റ് – 320 100 204 | 4,85,620 | 6,76,265 | 11,61,885 | 3,31,038 | 8,30,847 | |
| ഹെൽത്ത് ഗ്രാന്റ് – 320 100 202 | 9,95,857 | 4,44,431 | 14,40,288 | 6,12,369 | 8,27,919 | |
| IHSDP – 320 100 122 | 1,26,065 | 3513 | 1,29,578 | 0 | 1,29,578 | |
| പ്രളയ ഫണ്ട് – 320100192 | 0 | 2,00,000 | 2,00,000 | 0 | 2,00,000 | |

കുറിപ്പ്:- സോഴ്സ് ഡിഡക്ഷൻ, ക്യാപിറ്റൽ അക്കൗണ്ട് തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് | സോഴ്സ് ഡിഡക്ഷൻ, | ക്യാപിറ്റൽ അക്കൗണ്ട് |
|---|---|---|
| വികസനഫണ്ട് - ജനറൽ | 17,99,245 (ലൈഫ് ജനറൽ – 5,29,045 + അങ്കണവാടി ജീവനക്കാരുടെ വേതനം – 12,70,200 ) | 20,56,431 |
| | | ക്യൂ ബിൽ – 2,65,200 |
| വികസനഫണ്ട് – എസ്.സി.പി. | - | 30,22,000 |
| | | ക്യൂ ബിൽ – 10,43,604 |
| സംരക്ഷണ ഫണ്ട് - നോൺ റോഡ് | - | ക്യൂ ബിൽ – 5,07,261 |
| കേന്ദ്ര ധനകാര്യകമ്മീഷൻ – Tied | - | 40,34,895 |
| കേന്ദ്ര ധനകാര്യകമ്മീഷൻ – Untied | - | 28,41,369 |
| ഹെൽത്ത് ഗ്രാന്റ് – 320100203 | - | 19,51,269 |
| എം പി എൽ എ ഡി എസ് | - | 6,33,371 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് എണ്ണം | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 268 | 16,73,45,990 | 8,25,44,949 | 116 | 73 | 79 | 43.28% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 6,59,548 | 6,59,548 | 6,59,548 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 82,47,452 | 82,47,452 | 82,47,452 | 0 |
| ആകെ | 0 | 89,07,000 | 89,07,000 | 89,07,000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 27,26,400 | 142 |
| വിധവാപെൻഷൻ | 1,88,54,400 | 982 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 6,15,16,800 | 3204 |
| വികലാംഗപെൻഷൻ | 43,58,400 | 227 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 12,09,600 | 63 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30,000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2025 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 3 മണിക്ക് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹1582.00 യുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലേയ്ക്ക് താഴെ ചേർക്കുന്ന വിഷയങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

എ) സബ്സിഡി മാർഗരേഖ പ്രകാരവും സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ബി) പ്രൊജക്ട് മുഖേനയുള്ള തനത് ഫണ്ട് ചെലവുകൾ പൂർണ്ണമായും സുലേഖ ചെലവ് രേഖകളിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സി) നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്. പ്രോജക്ടിന്റെ നിർവ്വഹണം മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് നിർബന്ധമായും പ്രോജക്ട് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ഡി) ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഇ) വരവിനത്തിലുള്ള തൊഴിൽ നികുതി രജിസ്റ്റർ, വാടക രജിസ്റ്റർ, ലേല രജിസ്റ്റർ തുടങ്ങിയവയുടെ ഡിസിബി രേഖപ്പെടുത്തി, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

എഫ്) സർക്കാർ ഉത്തരവിനും, പദ്ധതി മാർഗ്ഗരേഖയ്ക്കും അനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

ജി) വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ക്വട്ടേഷൻ/ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതും രേഖകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-10 തൊഴിൽ നികുതി - അപാകതകൾ- വരവ് നഷ്ടം-₹5490/-

എ) 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ജീവനക്കാരിൽ നിന്നും നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചതു പ്രകാരം രണ്ടാം അർദ്ധവർഷം തൊഴിൽ നികുതിയിനത്തിൽ ₹5490/- വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്.

ബി) ഓറിയന്റൽ സ്ട്രക്ചർ എൻജിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം ₹741200/- രസീത് നം.1240603398/29.03.2025 പ്രകാരം തൊഴിൽ നികുതിയായി ഈടാക്കിയിട്ടുണ്ടെങ്കിലും ഇവരിൽ നിന്നും പരിഷ്കരിച്ച സ്ലാബിലുള്ള

തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ, പരിഷ്കരിച്ച സ്ലാബിലുള്ള തൊഴിൽ നികുതി ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
സി) താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഗവ. എൽ.പി.എസ്., ചേരാനല്ലൂർ |
| 2. | ശ്രീദർശന ഐ & ഇ.എൻ.ടി |
| 3. | DDRC അജിലസ് പാത്ത് ലാബ് ലിമിറ്റഡ് |
| 4. | ഗംസ് & സ്മൈൽ ഡെന്റൽ ക്ലിനിക് |
| 5. | ഐസ് മോട്ടോർസ് |
| 6. | ഇന്റലക്സ് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് |

മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി, രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചിക്കുന്ന അപാകതകളോടനുബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറികൾക്ക് (നം.1/22.08.2025 & 28/26.08.2025)മറുപടി ലഭ്യമാക്കിയില്ല.

## 1-11 വസ്തു നികുതി കുടിശ്ശിക ₹42,45,617.00 നിലനിൽക്കുന്നു-

2024-25 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിലെ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിൽ ആകെ ₹42,45,617.00 കുടിശ്ശികയുണ്ട്.

| ക്രമ നമ്പർ | ഹെഡ് | തുക(₹) |
|---|---|---|
| 1 | റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി(തൻ വർഷം) | 11,22,514.00 |
| 2 | റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി(കുടിശ്ശിക) | 12,68,218.00 |
| 3 | നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി(തൻ വർഷം) | 11,23,143.00 |
| 4 | നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി(കുടിശ്ശിക) | 7,31,742.00 |
| | ആകെ | 42,45,617.00 |

മേൽ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ കുടശ്ശിക നിലനിൽക്കുന്നതിനുള്ള കാരണവും കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും അറിയിക്കാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.8/24.08.2025) മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുവേണ്ട തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 വാടക അപാകതകൾ - കുടിശ്ശിക ₹1,52,100/-

1. ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതു പ്രകാരം, പഞ്ചായത്തിന്റെ അധീനതയിലുള്ള, താഴെചേർക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേരുവിവരം | വാടക തുക (₹) (പ്രതിമാസം) | വാടക കുടിശ്ശിക തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | XII/151 | ഷാജി പി.എ.,<br>പാലാപറമ്പിൽ,<br>നടുവത്ത്നഗർ പി.ഒ. | 5844/- | 2024 ഏപ്രിൽ മുതൽ<br>2025 മാർച്ച് വരെ.<br>5844 X12 =70128/- |
| 2. | XII/153 | അമ്മിണിക്കുട്ടി വലിയതറ,<br>സൗത്ത് ചിറ്റൂർ<br>(എസ്.സി. വിഭാഗം) | 3242/- | 2024 ഏപ്രിൽ മുതൽ<br>2025 മാർച്ച് വരെ.<br>3242 X 12 =38904/- |
| 3. | XII/153B | ജോസ് പി.എഫ്.,<br>പനയ്ക്കൽ ഹൗസ്,<br>സൗത്ത് ചിറ്റൂർ. | 3589/- | 2024 ഏപ്രിൽ മുതൽ<br>2025 മാർച്ച് വരെ.<br>3589 X 12 =43068/- |
| | | | | 1,52,100/- |

മേൽ സൂചിപ്പിച്ചിരിക്കുന്നവരിൽ നിന്നും വാടക കുടിശ്ശിക തുക ₹1,52,100/- ജി.എസ്.ടി, പിഴപലിശ എന്നിവ സഹിതം ഈടാക്കി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വാടക കുടിശ്ശിക മേൽ സൂചിപ്പിക്കും പ്രകാരം നിലനിന്നിട്ടും വാർഷിക ധനകാര്യ പത്രികയിൽ (ബാലൻസ് ഷീറ്റ്) വാടക കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന മേൽ കരാറുകാർ തന്നെയാണ് 2024-25 സാമ്പത്തികവർഷവും വാടക കുടിശ്ശിക വരുത്തിയിരിക്കുന്നത്. ഇപ്രകാരം തുടർച്ചയായി വാടക നൽകാത്തവർക്ക് വാടക പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. പ്രസ്തുത അപാകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. <u>ബൈലോ രൂപീകരിച്ചതായി കാണുന്നില്ല.</u>

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ രൂപീകരിച്ചതായി കാണുന്നില്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങി അറിയിക്കേണ്ടതാണ്. കൂടാതെ വാടക സംബന്ധിച്ച കമ്മിറ്റി തീരുമാനങ്ങൾ, വാടക നിരക്ക് നിശ്ചയിച്ച രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3. <u>വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടില്ല</u>

പഞ്ചായത്തിലെ കടമുറികൾ വാടകയ്ക്ക് എടുത്ത (1) ശ്രീ. ഷാജി പി.എ., പാലാപറമ്പിൽ, നടുവത്ത്നഗർ പി.ഒ. (2) ശ്രീമതി അമ്മിണിക്കുട്ടി വലിയതറ, സൗത്ത് ചിറ്റൂർ (എസ്.സി. വിഭാഗം) (3) ശ്രീ. ജോസ് പി.എഫ്., പനയ്ക്കൽ ഹൗസ്, സൗത്ത് ചിറ്റൂർ എന്നിവരുടെ കരാർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. എല്ലാ വാടകക്കാരുമായി നിർദിഷ്ട മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതാണ്.

4. <u>പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

കെട്ടിട നമ്പർ, മാസവാടക, ലേലം നടന്ന തീയതി, വാടകക്കാലയളവ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക, മാസവാടകത്തുക, അടവാക്കിയ രസീത് നമ്പർ, തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി വാടക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/22.08.2025) മറുപടി ലഭ്യമാക്കിയില്ല.

## 1-13 ആംബുലൻസ് വാടക അപാകതകൾ

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL07BW9238 എന്ന നമ്പറിലുള്ള ആംബുലൻസ് 2024-25 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയ ഇനത്തിലുള്ള വരവിന്റെ പരിശോധനയ്ക്കായി, ലഭ്യമാക്കിയ രസീത് ബുക്കുകളും (രസീത് ബുക്ക് നം.23&24), കളക്ഷൻ രജിസ്റ്ററും, വാഹനത്തിന്റെ

ലോഗ്ബുക്കും പരിശോധിച്ചതുപ്രകാരമുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. ആംബുലൻസ് വാടക സംബന്ധിച്ച കമ്മിറ്റി തീരുമാനവും ആംബുലൻസിന്റെ ഉപയോഗം സംബന്ധിച്ച ബൈലോയും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. സർക്കാർ ഉത്തരവ് (ജി.ഒ.(എം.എസ്.)നം.246/2011/എൽ.എസ്.ജി.ഡി. തീയതി 13.10.2011) പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയം വഴിയാണ് രസീതിന്റെ അച്ചടി ജോലികൾ നിർവ്വഹിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും, ആംബുലൻസ് വാടക പിരിച്ചെടുക്കുന്നതിനായി വൗച്ചർ നം.22400604/08.08.24 പ്രകാരം ₹2213/- ചെലവഴിച്ച് അതുൽ പ്രിന്റേഴ്സ്, ആരക്കുന്നം (ഇൻവോയ്സ് നം.051/27.07.24) എന്ന സ്ഥാപനത്തിൽ നിന്നും 25 രസീത് ബുക്കുകൾ വാങ്ങിയതായി കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. ആംബുലൻസ് വാടക പിരിച്ചെടുക്കുന്നതിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, സ്റ്റോക്കിലെടുത്ത വിവരങ്ങൾ രേഖപ്പെടുത്താതെ സൂക്ഷിക്കുന്നു. അതിനാൽ സാമ്പത്തികവർഷം എത്ര രസീതു ബുക്കുകൾ സ്റ്റോക്കിലെടുത്തെന്നോ, ഉപയോഗിച്ചെന്നോ, ബാക്കി എത്രയെണ്ണമുണ്ടെന്നോ, ആർക്കാണ് ഇഷ്യൂ ചെയ്തിരിക്കുന്നതെന്നോ, തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല.

4. പരിശോധനയ്ക്ക് ലഭ്യമാക്കിയ രസീത് ബുക്കുകൾ (നം.23&24) മുഖേനയുള്ള പിരിവ് തുകയ്ക്ക് രസീതിന്റെ പകർപ്പ് ഉപഭോക്താവിന് നൽകേണ്ടതിനു പകരം അസ്സൽ തന്നെ നൽകിയിരിക്കുന്നു.

5. കളക്ഷൻ രജിസ്റ്ററിൽ 07.07.2024-ൽ രസീത് നം.1102 പ്രകാരം (രസീത്ബുക്ക് നം.23 ) ശ്രീ. രവി എന്നയാളിൽ നിന്നും ₹300/- പിരിച്ചെടുത്തിരിക്കുന്നതായി കാണുന്നു. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രസീത്ബുക്കിന്റെ കൗണ്ടർ ഫോയിലിൽ പ്രസ്തുത നമ്പറിലുള്ള രസീതിന്റെ പകർപ്പും അസ്സലും ലഭ്യമല്ല.

6. ആംബുലൻസ് വാടക പിരിവിന് ഉപയോഗിക്കുന്ന രസീത്ബുക്കിൽ ഗുണഭോക്താക്കളുടെ മേൽവിലാസം പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല.

7. കളക്ഷൻ രജിസ്റ്ററിൽ, കളക്ഷനായി ഉപയോഗിക്കുന്ന രസീത് നമ്പർ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. രസീത് ബുക്കിന്റെ നമ്പർ രേഖപ്പെടുത്തുന്നില്ല.

8. ഒരേ രസീത് നമ്പറിൽ കളക്ട് ചെയ്യുന്ന തുകയും തീയതിയും ഗുണഭോക്താവിന്റെ പേരും, രസീത് ബുക്കിലും കളക്ഷൻ രജിസ്റ്ററിലും വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

ഉദാ:-

| കളക്ഷൻ രജിസ്റ്റർപ്രകാരം<br>ഗുണഭോക്താവിന്റെ പേര്/<br>രസീത് നം./തുക | രസീത് ബുക്ക് പ്രകാരം<br>ഗുണഭോക്താവിന്റെ പേര്/<br>രസീത് നം./തുക |
|---|---|
| രസീത് നം.1159/29.3.25<br>പേര് –അനിൽ<br>തുക- 300 | രസീത് നം.1159/29.3.25<br>പേര് –സുബയർ<br>തുക- 300 |
| രസീത് നം.1163/9.4.25<br>പേര് –അമ്മു<br>തുക- 600 | രസീത് നം.1163/13.4.25<br>പേര് –അമ്മു ഇടപ്പള്ളി<br>തുക- 300 |

9. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം ഡെയ്‌ലി കളക്ഷൻ തുക അതേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്നിരിക്കെ, രണ്ട് മാസത്തിലധികം വരെ വൈകിയാണ് ആംബുലൻസ് വാടക കളക്ഷൻ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്.

ഉദാ:- ആംബുലൻസ് വാടക 10.04.2024 മുതൽ 29.06.2024 വരെ പിരിച്ചെടുത്തത് (രസീത്

നം.1240302003/07.09.2024) 07.09.2024 ൽ ആണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നത്.

മേൽ വിവരിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/29.08.25) മറുപടിയായി, വാടക സംബന്ധിച്ച കമ്മിറ്റി തീരുമാനവും ആംബുലൻസിന്റെ ഉപയോഗം സംബന്ധിച്ച ബൈലോയും പഴയ രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി സമർപ്പിക്കുന്നതാണെന്നും, രസീത് ബുക്കുകൾ കുറഞ്ഞനിരക്കിൽ പ്രിന്റ് ചെയ്തതിനാൽ ധനനഷ്ടം സംഭവിച്ചിട്ടില്ലെന്നും, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതാണെന്നും, രസീതിലെ രേഖപ്പെടുത്തലിലുള്ള അപാകതകൾ സംബന്ധിച്ച് ഡ്രൈവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, കളക്ഷൻ തുക വൈകി അടവാക്കുന്നതിൽ കൃത്യമായ പരിശോധന നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സർക്കാർ ഉത്തരവിനനുസരിച്ചുള്ള രസീതുകൾ മാത്രം പണം പിരിവിനായി ഉപയോഗിക്കേണ്ടതാണ്. ആംബുലൻസ് വാടക സംബന്ധിച്ച കമ്മിറ്റി തീരുമാനവും ആംബുലൻസിന്റെ ഉപയോഗം സംബന്ധിച്ച ബൈലോയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കളക്ഷൻ രജിസ്റ്ററിലും രസീതിലും, പൂർണ്ണവും കൃത്യവുമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ക്രമ നം. 5 പ്രകാരമുള്ള രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഡെയ്‌ലി കളക്ഷൻ തുക അതേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളുള്ളതിനാൽ ആംബുലൻസ് വാടകയിനത്തിലുള്ള വരവിന്റെ കൃത്യത ഓഡിറ്റിൽ ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

## 1-14 ശ്മശാനം നടത്തിപ്പ് - കുടിശ്ശിക ₹50,000/-

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ശ്മശാനം നടത്തിപ്പിന്റെ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതു പ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ ₹1,00,000/-യ്ക്ക്(ഒരു മൃതദേഹം ദഹിപ്പിക്കുന്ന നിരക്ക് ₹3300.00) ശ്രീ.സുജിൽ വി. ആർ, ഓളിപ്പറമ്പിൽ, കോളരിക്കൽ റോഡ്, സൗത്ത് ചിറ്റൂർ എന്നയാൾ ശ്മശാനം നടത്തിപ്പ് ലേലം കൊണ്ടിരിക്കുന്നു. ബിഡേഴ്സ് ഇ.എം.ഡി. ₹5000/- രസീത് നം.1230104206/11.03.2024 പ്രകാരവും ലേല തുകയുടെ ആദ്യ ഗഡു ₹50,000/- രസീത് നം. 1230104396/16.03.2024 പ്രകാരവും അടവാക്കിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള തുക ₹50,000/- അടവാക്കാതെ കുടിശ്ശികയായി നിലനിൽക്കുന്നു. കൂടാതെ ലേലക്കാരനുമായി ചമയ്ച്ചിരിക്കുന്ന കരാർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളോടനുബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.21/25.08.2025) മറുപടി ലഭ്യമാക്കിയില്ല. അടവാക്കാതെ കുടിശ്ശികയായി നിലനിൽക്കുന്ന ബാക്കി തുക ₹50,000/- ലേലക്കാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയ രേഖകളും, ലേലക്കാരനുമായി ചമയ്ച്ചിരിക്കുന്ന കരാറും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-15 ചിറ്റൂർ- മൂലമ്പിള്ളി കടത്ത് നടത്തിപ്പ് - കുടിശ്ശിക- ₹1,25,000/-

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ചിറ്റൂർ - മൂലമ്പിള്ളി കടത്ത് നടത്തിപ്പിന്റെ രജിസ്റ്ററും ഫയലുകളും പരിശോധിച്ചതു പ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ ₹3,00,000/-യ്ക്ക് ശ്രീ.ജോർജ്ജ് പി.സി., പനയ്ക്കൽ, മൂലമ്പിള്ളി എന്നയാൾ കടത്ത് നടത്തിപ്പ് ലേലം കൊണ്ടിരിക്കുന്നതായി കാണുന്നു. ലേലത്തിന്റെ നിരതദ്രവ്യമായി ₹25000/- രസീത് നം.1240300452/23.04.2024 പ്രകാരവും ലേല തുകയുടെ ആദ്യഗഡുവായി ₹1,00,000/- രസീത് നം. 1240300487/24.04.2024 പ്രകാരവും രണ്ടാമത്തെ ഗഡുവായി ₹75,000/- രസീത് നം. 1240603858/28.03.2025 പ്രകാരവും അടവാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ ലേല നിബന്ധന പ്രകാരം ലേല തുക ₹50,000/- രൂപയിൽ കൂടുതൽ ആണെങ്കിൽ ലേലതുകയുടെ പകുതി തുക, ലേലം കഴിയുമ്പോൾ തന്നെ അടയ്ക്കേണ്ടതും ബാക്കി തുക രണ്ട് തുല്യ ഗഡുക്കളായി 2024 ജൂൺ, ആഗസ്റ്റ് മാസങ്ങളിലെ ആദ്യ അഞ്ച് മാസത്തിനകം അടയ്ക്കേണ്ടതുമായിരുന്നു. എന്നാൽ ലേലതുകയുടെ പകുതി തുക ആദ്യഗഡുവായി അടവാക്കിയിട്ടില്ലെന്നു മാത്രമല്ല, ₹1,25,000/- അടവാക്കാതെ നിലവിലും കുടിശ്ശികയായി തന്നെ നിൽക്കുന്നു. കൂടാതെ പഞ്ചായത്ത് ലേലക്കാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുമില്ല.

മേൽ അപാകതകളോടനുബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/25.08.2025) മറുപടി ലഭ്യമാക്കിയില്ല. അടവാക്കാതെ കുടിശ്ശികയായി നിലനിൽക്കുന്ന ബാക്കി തുക ₹1,25,000/- ലേലക്കാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയ രേഖകളും, ലേലക്കാരനുമായി ചമയ്ച്ചിരിക്കുന്ന കരാറും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-16 ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ-ആവശ്യകത പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടുള്ള ജനകീയ ഭവനം, സാക്ഷരത എന്നീ രണ്ട് അക്കൗണ്ടുകളിൽ പലിശ വരവൊഴികെയും കോവിഡ് ഡൊണേഷൻ അക്കൗണ്ടിൽ ബാങ്ക് ചാർജ് ഈടാക്കുന്നതൊഴികെയും മറ്റ് പണമിടപാടുകൾ നടക്കുന്നില്ല. അക്കൗണ്ടുകൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൌണ്ട് നം. | 01.04.2024 ലെ പ്രാരംഭബാക്കി (ബാങ്ക് സ്റ്റേറ്റ്മെന്റ് , AFS എന്നിവ പ്രകാരം) | 31.03.2025 ലെ നീക്കിയിരുപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ്, AFS എന്നിവ പ്രകാരം) |
|---|---|---|---|
| യു.ബി.ഐ. ജനകീയ ഭവനം | 357902010011750 | ₹1,26,065 | ₹1,29,578 |
| യു.ബി.ഐ. സാക്ഷരത | 357902010009508 | ₹3710 | ₹3813 |
| എസ്.ബി.ഐ. കോവിഡ് ഡൊണേഷൻ | 40178183640 | ₹17,998 | *₹17,349 |

മേൽ അക്കൗണ്ടുകൾ ആരംഭിച്ചതിന്റെ ആവശ്യം നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ ഇടപാടുകൾ ഒന്നും ഇല്ലാതെ ഇവ നിലനിർത്തി പോരുന്നതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി നം-9/24.08.2025) ബാങ്കുമായി ബന്ധപ്പെട്ട് ഇവ ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. ആവശ്യകത പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

B-18 ഷെഡ്യൂൾ പ്രകാരം (ഹെഡ് കോഡ്-460100101) ₹5000 രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കുവാൻ അവശേഷിച്ചിരുന്നു. മുൻവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ ടി തുക 2023-24 വർഷം മുതൽ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നതാണെന്ന് വ്യക്തമായിട്ടുള്ളതാണ്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 250 (3) പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് തുകകൾ അഞ്ച് തുല്യ ഗഡുക്കളായി തിരികെ ഈടാക്കണമെന്നും ആദ്യ ഗഡു ഒക്ടോബറിൽ നൽകുന്ന ശമ്പളത്തിൽ നിന്നും ഈടാക്കിത്തുടങ്ങണമെന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസായി നൽകുന്ന തുക അതേ സാമ്പത്തിക വർഷം തന്നെ ക്രമീകരിക്കണമെന്നിരിക്കെ ₹5000 സമയബന്ധിതമായി തിരികെ ക്രമീകരിക്കാത്തത് സംബന്ധിച്ചും

ആയത് ഏത് ജീവനക്കാരന് നൽകിയതാണെന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം.6/22.08.25 ) പി.ടി.എസ് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി ബാർബറയ്ക്കാണ് തുക അനുവദിച്ചതെന്നും ആയത് തിരികെ ലഭിക്കുന്നതിന് ടിയാൾ നിലവിൽ ജോലി ചെയ്യുന്ന കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. പ്രസ്തുത ജീവനക്കാരിയിൽ നിന്നും തുക ഈടാക്കി മുൻകൂർ ക്രമീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-18 ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല- 15 ലക്ഷം രൂപ നഷ്ടമായി.

വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് റിഡംപ്ഷൻ തുകയിനത്തിൽ (ഹെഡ് കോഡ് 431500199) ₹73,90,238 താഴെ ചേർക്കും പ്രകാരം തിരികെ ലഭിക്കുവാനുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ തിരികെ ലഭിക്കുവാനുള്ള റിഡംപ്ഷൻ തുക | ₹36,22,873 |
| തൻവർഷത്തെ റിഡംപ്ഷൻ തുക | ₹58,79,318 |
| ആകെ റിഡംപ്ഷൻ തുക | ₹95,02,191 |
| തൻവർഷം തിരികെ ലഭിച്ച തുക | ₹21,11,953 |
| വർഷാവസാനം തിരികെ ലഭിക്കുവാനുള്ള റിഡംപ്ഷൻ തുക | ₹73,90,238 |

ഈ തുകയിൽ ₹58,79,318 25-26 വർഷം ഏപ്രിൽ മാസത്തിൽ തിരികെ ലഭിച്ചിട്ടുണ്ട്. ബാക്കി ₹15,10,920 രൂപ ലഭ്യമായിട്ടില്ല. ഈ തുക തിരികെ ലഭിക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി നം-5/22.08.25) ₹15,10,920 രൂപയിൽ ₹15,05,173 രൂപ ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നിന്നും (നം-799011400000767) സർക്കാർ തിരികെ പിടിച്ചതാണെന്നും 3.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ച്വർ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ B-4 ഷെഡ്യൂളിൽ 320700104, 320700204, 320700205 എന്നീ മൂന്ന് ഹെഡുകളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള പ്രസ്തുത തുകകൾ കമ്മിറ്റി തീരുമാനമെടുത്തതിന് ശേഷം ടി ഹെഡുകളിൽ നിന്നൊഴിവാക്കുന്നതാണെന്നും വ്യക്തമാക്കി. യഥാസമയം തുക വിനിയോഗിക്കാതിരുന്നതിനാലാണ് മേൽ തുക പഞ്ചായത്തിന് നഷ്ടമായത്. പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റ് തുകകൾ നഷ്ടമാക്കാതെ യഥാസമയം തന്നെ നിർദ്ദിഷ്ട ആവശ്യത്തിനു വേണ്ടി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

₹15,10,920 രൂപയിൽ ശേഷിക്കുന്ന ₹5747 (15,10,920-15,05,173) ഏത് അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്തതാണെന്ന് അറിയിച്ചിട്ടില്ല. ഈ തുക ഏതിനത്തിൽ ലഭിച്ചിട്ടുള്ളതാണെന്നതിന് വ്യക്തമായ രേഖകൾ പഞ്ചായത്തിനില്ല. ₹5747 സംബന്ധിച്ച വിശദാംശങ്ങൾ നൽകേണ്ടതും തുക തിരികെ ലഭ്യമാകുവാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 ഇലക്ഷൻ ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് (കോഡ് 340100303) ഇനത്തിൽ ₹66,500 ബാദ്ധ്യത ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം നാളിതുവരെ തനത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.7/22.08.23) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി

തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. ₹66,500 തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി വിവരമറിയിക്കേണ്ടതാണ്.

## 1-20 ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പണമാക്കിയില്ല-₹19644 രൂപ ഏഴ് വർഷമായി ഐ.കെ.എം അക്കൗണ്ടിൽ

| | |
|---|---|
| ബാങ്ക് അക്കൗണ്ട്, | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇ-പേയ്മെന്റ് അക്കൗണ്ട് |
| അക്കൗണ്ട് നമ്പർ | 37266724176 |

മേൽ അക്കൗണ്ടിന്റെ 31.03.2025 തീയതിയിലുള്ള റീകൺസീലിയേഷൻ പത്രിക പ്രകാരം ₹2,45,650 രൂപയുടെ ചെക്കുകൾ പണമാക്കുവാൻ അവശേഷിച്ചിരുന്നു. ഈ തുകയിൽ ഉൾപ്പെട്ടിട്ടുള്ള ₹19644 രൂപ 2018 വർഷം ഡെപ്പോസിറ്റ് ചെയ്തതാണ്. റീകൺസീലിയേഷൻ പത്രിക പ്രകാരമുള്ള തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| തുക | ₹19664 |
| വൗച്ചർ.നം, തീയതി | 118020900051/30.11.2018 |
| ഇൻസ്ട്രുമെന്റ് നം., തീയതി | രേഖപ്പെടുത്തിയിട്ടില്ല |
| Narration | IKM |

മേൽ തുക ഏതിനത്തിലുള്ള വരവാണെന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി നം-23/25.08.23 ) ഇത് വസ്തുനികുതി ഇനത്തിൽ ഐ.കെ.എം ഗേറ്റ് വഴി പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടേണ്ടതായിരുന്നെന്നും ആയത് തിരികെ ലഭ്യമാകുവാൻ ഐ.കെ.എം ന് കത്ത് നൽകുന്നതാണെന്നും അറിയിച്ചു. 2018 വർഷം നിക്ഷേപിക്കപ്പെട്ട ചെക്ക് നാളിതുവരെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റാകാത്തത് ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തി തുക ലഭ്യമാകുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹമായതിലും അധികം തുക അനുവദിച്ചു

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്ഒ 146/25 നമ്പർ പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ദേവിക കൃഷ്ണകുമാർ, കണ്ടനാട്ടുതറ, ചിറ്റൂർ എന്ന വിദ്യാർത്ഥിനി Xylem Learning (P) Ltd ൽ എൻട്രൻസ് കോച്ചിംഗിൽ (NEET) പങ്കെടുത്ത് വരുന്ന ഗുണഭോക്താവാണ്. സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.4 (9) അനുസരിച്ച് പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസ് കോച്ചിംഗിന് 15,000/-രൂപയാണ് സ്കോളർഷിപ്പായി നൽകാവുന്നത്. എന്നാൽ ഈ വിദ്യാർത്ഥിനിക്ക് ടിയാളുടെ അക്കൗണ്ടിലേയ്ക്ക് 20,000/-രൂപ (നം-SBI 40740909322 ) കൈമാറി നൽകിയതിനാൽ വികസനഫണ്ടിൽ നിന്നും 5000/-രൂപ കൂടുതൽ ചെലവഴിക്കുവാൻ ഇടയായിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-22 സാന്ത്വന പരിചരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ-₹3,60,983 തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം. | 150/25(SO) | 86/25 (New) |
|---|---|---|
| പ്രോജക്ടിന്റെ പേര് | സാന്ത്വനപരിചരണം (SO) | സാന്ത്വനപരിചരണം (New) |

| | | |
|---|---|---|
| അടങ്കൽ, ഫണ്ട് | ₹2,37,972 (വികസനഫണ്ട്) | ₹6,00,000 (വികസനഫണ്ട്)<br>₹3,00,000 (തനത് ഫണ്ട്)<br>ആകെ = ₹9,00,000 |
| ചെലവ് | ₹2,35,507 | ₹5,85,400 (വികസനഫണ്ട്)<br>₹2,37,044 (തനത് ഫണ്ട്)<br>ആകെ = ₹8,22,444 |
| ബിൽ നം, തീയതി, തുക | 1) 13/09.05.24, ₹14,996<br>2)14/09.05.24, ₹41,180<br>3)15/09.05.24, ₹5550<br>4)16/09.05.24, ₹28,600<br>5)17/09.05.24,₹1,45,181 | വികസനഫണ്ട്<br>1) 68/29.06.24, ₹86,330<br>2) 119/31.07.24, ₹29,260<br>3) 163/03.09.24, ₹28,840<br>4) 164/03.09.24,₹94,391<br>5) 199/28.09.24, ₹29,200<br>6) 212/09.10.24, ₹29,260<br>7) 234/04.11.24, ₹29,320<br>8) 259/09.12.24, ₹29,500<br>9) 309/06.01.25, ₹30,833<br>10) 337/18.01.25, ₹99,788<br>11) 389/06.02.25, ₹29,380<br>12) 526/10.03.25, ₹8,708<br>13) 580/15.03.25, ₹27,000<br>14) 581/15.03.25, ₹28,960<br>15) 640/24.03.25, ₹4,630<br>തനത് ഫണ്ട്<br>1)ചെക്ക്.നം-137474 തീയതി. 06.01.25, ₹14,600<br>2)ചെക്ക്.നം-137544 തീയതി. 22.03.25, ₹98,212<br>3)ചെക്ക്.നം-137544 തീയതി. 28.03.25, ₹40,582<br>4)ചെക്ക്.നം-137544 തീയതി. 29.03.25, ₹24,520<br>5) 59130/- (ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | |

സാന്ത്വന പരിചരണപദ്ധതിക്കായി നടപ്പാക്കിയ മേൽ രണ്ട് പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായി മരുന്ന് ലഭ്യമായിട്ടില്ലാത്തതും ചെലവ് രേഖകൾ പൂർണമായി ഹാജരാക്കിയിട്ടില്ലാത്തതുമാണ്. പ്രോജക്ടുകൾ സംബന്ധിച്ച അധികവിവരങ്ങൾ താഴെ ചേർക്കുന്നു.

1)പ്രോജക്ട് നം-150/25 (SO)

മേൽ പ്രോജക്ട് മുഖേനയുള്ള ₹2,35,507 യുടെ ചെലവിൽ ₹1,45,181 രൂപ മരുന്ന് വാങ്ങുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് പ്രോഫോർമ ഇൻവോയ്സ് 4788/05.03.24 പ്രകാരം മുൻകൂർ അനുവദിച്ചതാണ്. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം.34/28.08.2025) മറുപടി നൽകിയില്ല.

2)പ്രോജക്ട് നം-86/25

എ) മേൽ പ്രോജക്ട് മുഖേനയുള്ള തനത് ഫണ്ട് ചെലവിൽ ₹98,212 രൂപ മരുന്ന് വാങ്ങുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് പ്രോഫോർമ ഇൻവോയ്സ്-4675/26.03.25 പ്രകാരം മുൻകൂർ അനുവദിച്ചതാണ്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

ബി) പ്രോജക്ടിന്റെ തനത് ഫണ്ട് മുഖേനയുള്ള ആകെ ചെലവ് ₹2,37,044 രൂപയാണ്. എന്നാൽ ₹1,77,914 രൂപയുടെ ബില്ലും അനുബന്ധരേഖകളുമാണ് ഫയലിൽ ലഭ്യമായത്. അവശേഷിക്കുന്ന ₹59130 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (എൻക്വയറി നം.34/28.08.2025 )
സി) 2024 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഹോം കെയർ റിപ്പോർട്ടും പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി മിനിറ്റ്സ് ബുക്കും എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
മുൻകൂർ തുക നൽകിയിട്ടും മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ഇരു പ്രോജക്ടുകളിലുമായി ഇതിന് വേണ്ടി ചെലവഴിച്ച ₹2,43,393 രൂപയും (₹1,45,181 + ₹98,212 ) 86/25 നമ്പർ പ്രോജക്ട് മുഖേനയുള്ള പൂർണ ചെലവ് വിവരങ്ങൾ ഹാജരാക്കാത്തതിനാൽ ₹1,17,590 രൂപയും (പാലിയേറ്റീവ് ഹോം കെയർ റിപ്പോർട്ടിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. ആഗസ്റ്റ് – സെപ്റ്റംബർ മാസങ്ങളിലെ ചെലവ് തുകയായ ₹58460 രൂപയും + ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തടസപ്പെടുത്തുന്ന ₹59130 രൂപയും ) ഉൾപ്പെടെ ആകെ ₹3,60,983 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 വിദ്യാർഥികൾക്ക് തായ്ക്വോണ്ടോ പരിശീലനം-മാർഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി നടപ്പാക്കി-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 132/25, വിദ്യാർഥികൾക്ക് തായ്ക്വോണ്ടോ പരിശീലനം |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്., ചേരാനല്ലൂർ |
| ആകെ അടങ്കൽ | ₹ 1,50,000 (വികസന ഫണ്ട് ) |
| ആകെ ചെലവ് | ₹48,400 |
| ബിൽ നമ്പർ, തീയതി | 587/15.03.25 |

മേൽ പദ്ധതി പ്രകാരം എൽ.പി സ്കൂൾ കുട്ടികൾക്ക് തായ്ക്വോണ്ടോ പരിശീലനം നൽകിയതിന് ശ്രീ മുരുകൻ എന്നയാൾക്ക് 38400/- രൂപയും ഭക്ഷണ ചെലവുകൾക്കായി 10000/- രൂപയും അനുവദിച്ചിട്ടുണ്ട്. പ്രതിദിനം 800/- രൂപ നിരക്കിൽ 48 ദിവസത്തെക്കാണ് വേതനം നല്കിയിരിക്കുന്നത് (48 X 800 = 38400) സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ., തീയതി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖ. 8.6.18 പ്രകാരം വനിത ശിശു വികസന വകുപ്പ് നടപ്പാക്കുന്ന നിർഭയ പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വോണ്ടോ, ജൂഡോ, കരാട്ടെ, യോഗ, കളരി ഉൾപ്പെടെയുള്ള ആയോധനകലകളിൽ ഹൈസ്കൂൾ/ ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്കാണ് പരിശീലനം നൽകാവുന്നത്. ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള മേൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയതിനും എൽ.പി.സ്കൂൾ വിദ്യാർഥികൾക്ക് ഇതിനായി പരിശീലനം നല്കിയതിനും വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം. 15/24.08.2025) കായിക വിദ്യാഭ്യാസം പ്രൈമറി കുട്ടികൾക്കും ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെയും മുൻവർഷങ്ങളിൽ ഇതിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്രദമായിരിക്കുവാനും വേണ്ടിയാണ് പദ്ധതി തുടർന്നതെന്നും അടുത്ത വർഷം മുതൽ നടപ്പാക്കുന്നതല്ലായെന്നും മറുപടി നൽകി. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ അപാകത ചൂണ്ടിക്കാട്ടിയിട്ടും തുടർന്നും ആയത് നടപ്പാക്കിയത് ആശാസ്യമായ കീഴ് വഴക്കമല്ല. മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. സാധൂകരണം ലഭ്യമാക്കുന്നത് വരെ ₹48,400 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്പീച്ച് തെറാപ്പിയും ഫിസിയോ തെറാപ്പിയും -പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 95/25, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്പീച്ച് തെറാപ്പിയും ഫിസിയോ തെറാപ്പിയും അനുബന്ധ |

| | |
|---|---|
| | ഉപകരണങ്ങൾ വാങ്ങലും |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്,<br>ജി.എൽ.പി.എസ്., ചേരാനല്ലൂർ |
| ആകെ അടങ്കൽ | ₹ 2,00,000<br>(വികസന ഫണ്ട് ) |
| ആകെ ചെലവ് | ₹72,400 |
| ബിൽ നമ്പർ, തീയതി | 588/15.03.2025 |

95/25 നമ്പർ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്പീച്ച് തെറാപ്പി നൽകിയതിലേയ്ക്ക് മേരി വർഗീസ് എന്ന വ്യക്തിക്കും ഫിസിയോതെറാപ്പി നൽകിയതിലേയ്ക്ക് നികിത വിപിൻ എന്ന വ്യക്തിക്കും പ്രതിദിനം 800 രൂപ നിരക്കിൽ യഥാക്രമം 38,400/-രൂപയും ( 48 Days @ 800) 24,000/-രൂപയും ( 30 Days @ 800) വേതനം നൽകിയിട്ടുണ്ട്. പരിശീലന സാമഗ്രികൾ വാങ്ങുന്നതിനായി 2000/- രൂപയും 8000/- രൂപയും കൂടി പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുള്ളതാണ്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് എൻക്വയറി (നം-15/24.08.25 ) നൽകിയിരുന്നു.

എ) സ്പീച്ച് ഫിസിയോ തെറാപ്പി പ്രോജക്ടുകൾ എൽ.പി സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പാക്കാമെന്ന് സബ്സിഡി മാർഗരേഖയിൽ പ്രതിപാദിക്കുന്നില്ല.

ബി) തെറാപ്പി നൽകിയ കുട്ടികളുടെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

സി) കുട്ടികൾക്ക് അനുയോജ്യമായ തെറാപ്പിയാണോ നൽകുന്നതെന്നും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ ഉപദേശം ഈ വിഷയത്തിൽ തേടിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. സ്പീച്ച് തെറാപ്പി കാലയളവ് ഓരോ വ്യക്തിക്കും ഓരോ തരത്തിലാണ് നിശ്ചയിക്കുന്നത്. ചിലർക്ക് ഏതാനും മാസങ്ങളാണ് ചികിത്സക്ക് വേണ്ടതെങ്കിൽ മറ്റ് ചിലർക്ക് വർഷങ്ങൾ വേണ്ടിവരുന്നു. ആയതിനാൽ കുട്ടികളുടെ ചികിത്സ കാലയളവ് എപ്രകാരമാണ് നിശ്ചയിച്ചത് എന്ന് വ്യക്തമാക്കേണ്ടതാണ്.

ഇ) 2024 ഡിസംബർ 2025 ജനുവരി ഫെബ്രുവരി മാസങ്ങളിലായി 48 /30 ദിവസങ്ങളിലാണ് തെറാപ്പി നൽകിയിരിക്കുന്നത്. ഇത്ര കുറഞ്ഞ കാലയളവിൽ ഇടവിട്ട ദിവസങ്ങളിൽ നൽകിയ തെറാപ്പി ചികിത്സ കുട്ടികൾക്ക് പ്രയോജനപ്പെട്ടുവോ എന്നത് വിശദീകരിക്കേണ്ടതും പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം തെറാപ്പി നൽകിയ കുട്ടികളുടെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റും കുട്ടികളുടെ അസെസ്മെന്റ് റിപ്പോർട്ടുകളും ഹാജരാക്കി. എന്നാൽ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റും മോണിട്ടറിംഗ് റിപ്പോർട്ടും ഹാജരാക്കിയില്ല. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള ഇരുപതോളം കുട്ടികൾക്കാണ് തെറാപ്പി സേവനം ലഭ്യമാക്കുന്നതെന്നും പരിശീലനം സിദ്ധിച്ച തെറാപിസ്റ്റുകളാണ് സേവനം നൽകുന്നതെന്നും ഇത് മൂലം കുട്ടികൾക്ക് മികച്ച മാറ്റമാണ് പ്രകടമാകുന്നതെന്നും അറിയിച്ചു. പുറമേ നിന്ന് സ്വകാര്യ തെറാപിസ്റ്റുകളെ ആശ്രയിക്കുമ്പോൾ ഒരു തവണ തന്നെ 200 മുതൽ 500 രൂപ വരെ ഫീസിനത്തിൽ കൊടുക്കേണ്ടി വരുന്നുവെന്നും നിർധനരായ കുട്ടികൾ പഠിക്കുന്ന ഗവൺമെന്റ് സ്കൂളുകളിൽ ഇത്തരം തെറാപ്പി തുടങ്ങാൻ അനുവദിച്ചാൽ അതവർക്ക് വളരെ പ്രയോജനപ്പെടുമെന്നും വിശദീകരിച്ചു. അടുത്ത വർഷവും പ്രോജക്ട് തുടരുവാൻ അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

പദ്ധതി കുട്ടികൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് അസെസ്മെന്റ് റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം പ്രോജക്ടുകൾ എൽ.പി സ്കൂളുകളിൽ നടപ്പാക്കാമെന്ന് സബ്സിഡി മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാലും നൂതന പ്രോജക്ട് എന്ന നിലയിൽ പ്രത്യേക അംഗീകാരം ആയതിന് വാങ്ങാത്തതിനാലും തെറാപ്പി പ്രോജക്ടുകൾ നടപ്പാക്കി തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ് എന്നറിയിക്കുന്നു. സർക്കാർ അനുമതിക്ക് വിധേയമായി മാത്രം പ്രോജക്ട് തുടർന്ന് നടപ്പാക്കാവുന്നതാണ്.

1-25 ധാരപാത്തി ഉപയോഗക്ഷമമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 80/25, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് ധാരപാത്തി |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം. |
| ആകെ അടങ്കൽ | ₹60,000/- (തനത് ഫണ്ട് ) |
| ആകെ ചെലവ് | ₹60,000/- |
| ബിൽ നം./തീയതി | 90/17.07.2024 |

2024-25 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ആയുർവേദം, മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രോജക്ട് മുഖേന ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിലേക്ക്, കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡിൽ നിന്നും, തുക ₹60,000/- (ഇൻവോയ്സ് നം. EKM/24-25/141 തീയതി 01.11.2024) ചെലവഴിച്ച് ധാരപാത്തി വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധന നടത്തിയതിൽ ആയുർവേദ ഡിസ്പെൻസറിക്ക് ലഭ്യമായ ധാരപാത്തി ഇതുവരെയും ഉപയോഗിച്ചിട്ടില്ലായെന്ന് കണ്ടെത്തുകയുണ്ടായി. ഇതിനോടനുബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.17/25.08.2025)മറുപടി ലഭ്യമാക്കിയില്ല.

ആയുർവേദ ഡിസ്പെൻസറിക്ക് മേൽ പ്രോജക്ട് മുഖേന ലഭ്യമായ ധാരപാത്തി ഉപയോഗക്ഷമമാക്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

1-26 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല - ₹1,23,896.00 തടസ്സപ്പെടുത്തുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ 108/25, 104/25 എന്നീ പ്രോജക്ടുകൾ മുഖേന യഥാക്രമം ₹1,50,000/-, ₹1,00,000/- എന്നിങ്ങനെ മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മേൽ സൂചിപ്പിച്ച മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 104/25, ചേരാനല്ലൂർ ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ അടങ്കൽ | ₹1,50,000/- (റോഡിതരം – മെയിന്റനൻസ് ഫണ്ട് ) |
| ആകെ ചെലവ് | ₹1,50,000/- |
| പ്രൊഫോർമ ഇൻവോയ്സ് നം./ ഓർഡർനം. | PF975 തീയതി.01/11/2024.<br>ഓർഡർ നം.07D05/2024-25/1, തീയതി.01/11/2024. |
| ബിൽ നം./തീയതി | 311/06.01.2025 |

മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രോജക്ടിൽ ₹81240.00[തുക₹66127/- ടാക്സ് ഇൻവോയ്സ് നം.LF-101 തീയതി 05.05.2025/ ഓർഡർനം.07D05/2024-25/1, തീയതി. 01/11/2024 തുക ₹15113/- ടാക്സ് ഇൻവോയ്സ് നം.LF-1047 തീയതി 06.08.25/ഓർഡർ നം.SCP/1508 തീയതി.30.06.25] യുടെ മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹68760/- യുടെ മരുന്ന് ലഭിച്ചിട്ടില്ല. കൂടാതെ പരിശോധനയ്ക്കായി ലഭ്യമാക്കിയ തുക ₹15113/- യുടെ, പ്രൊഫോർമ ഇൻവോയ്സ് നമ്പറും ടാക്സ് ഇൻവോയ്സ് നമ്പറും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(II)

| | |
|---|---|
| പ്രോജക്ട് നമ്പർ ,പേര് | 108/25, ചിറ്റൂർ എസ്.സി. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

| | |
|---|---|
| ആകെ അടങ്കൽ | ₹1,1,00,000/- (റോഡിതരം -മെയിന്റനൻസ് ഫണ്ട് ) |
| ആകെ ചെലവ് | ₹1,00,000/- |
| പ്രൊഫോർമ ഇൻവോയ്സ് നം./ ഓർഡർ നം | PF976 തീയതി.27/12/2024<br>ഓർഡർ നം.07S03/2024-25/1, തീയതി.15/11/2024. |
| ബിൽ നം./തീയതി | 312/06.01.2025 |

മേൽ പ്രോജക്ടിൽ ₹44,864/-യുടെ (ടാക്സ് ഇൻവോയ്സ് നം.LF-107 തീയതി 05.05.2025 /ഓർഡർ നം.07S03/2024-25/1, തീയതി.15/11/2024.) മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹55136/-യുടെ മരുന്ന് ലഭിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രോജക്ടുകളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.16/25.08.25) മറുപടിയായി, ബാക്കി ലഭിക്കേണ്ട മരുന്നുകൾ എത്രയും പെട്ടെന്ന് ലഭിക്കുവാൻ ഹോംകോയിലേക്ക് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇൻഡന്റ്, ഓൺലൈൻ മുഖേന നൽകിയതാണെന്നും, അതിനാൽ സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക തകരാറ് മൂലമാണ് ഇൻവോയ്സ് നമ്പറിൽ വ്യത്യാസം വന്നതെന്നും അറിയിക്കുകയുണ്ടായി.
ബാക്കി ലഭിക്കാനുള്ള (₹68760+₹55136/-) മരുന്ന് ലഭ്യമാകുന്നതുവരെ തുക ₹1,23,896.00 തടസ്സപ്പെടുത്തുന്നു.

## 1-27 പകൽ വീട് അടിസ്ഥാന സൗകര്യം ഒരുക്കൽ - വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 24/25 |
| പ്രൊജക്ടിന്റെ പേര് | പകൽ വീട് അടിസ്ഥാന സൗകര്യം ഒരുക്കലും നടത്തിപ്പും |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | ₹ 500000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹456865/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം./തീയതി/തുക | 1) 448/07.03.25/₹214571<br>2) 450/07.03.25/₹18800<br>3) 659/24.03.25/₹223494 |

മേൽ പ്രോജക്റ്റ് പ്രകാരം പകൽ വീടിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി മേശ, കസേര, വാൾ ഫാൻ, സീലിംഗ് ഫാൻ, ഫ്രിഡ്ജ്, മിക്സി, ഇൻഡക്ഷൻ കുക്കർ, ദിവാൻ കോട്ട്, അലമാര, വാട്ടർ ഡിസ്പെൻസർ, സ്പീക്കർ മുതലായ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. 27.08.2025 ന് ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ പകൽ വീട്ടിൽ നടത്തിയ ഭൗതിക പരിശോധനയിൽ മിക്സി, വാട്ടർ ഡിസ്പെൻസർ, ഇൻഡക്ഷൻ കുക്കർ, വാൾ ഫാൻ നാലെണ്ണം എന്നിവ പാക്കറ്റുകളിൽ തന്നെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. പ്രോജക്റ്റ് പ്രകാരം വാങ്ങിയ സാധനങ്ങൾ ഉപയാഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനും യഥാർത്ഥ ആവശ്യം കണക്കാക്കി തന്നെയാണോ സാധനങ്ങൾ വാങ്ങിയിരിക്കുന്നതെന്നും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 33, തീയതി.28.08.2025) പകൽവീട്ടിൽ അറ്റകുറ്റപണികൾ ഇനിയും പൂർത്തിയാകാനുണ്ടെന്നും ആയത് പൂർത്തിയാകുന്നമുറയ്ക്ക് മേൽ സാധനങ്ങൾ ഉപയോഗിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. യഥാർത്ഥ ആവശ്യം കണക്കാക്കി സാധനങ്ങൾ വാങ്ങുന്നതിനും വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്രദമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പച്ചക്കറി കൃഷി വികസനം സ്കൂളിൽ- അപാകതകൾ

| | | |
|---|---|---|
| പ്രോജക്ടിന്റെ നം., പേര് | 157/25,<br>പച്ചക്കറി കൃഷി വികസനം - സ്കൂളിൽ (SO) | 92/25,<br>പച്ചക്കറി കൃഷി വികസനം - സ്കൂളിൽ |

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| അടങ്കൽ | ₹91775<br>(80000 - വികസനഫണ്ട് പൊതുവിഭാഗം,<br>11775 മറ്റുള്ളവ) | ₹95525<br>(8000-വികസനഫണ്ട് പൊതുവിഭാഗം,<br>15525 മറ്റുള്ളവ) |
| ചെലവ് | ₹70755<br>(വികസനഫണ്ട് പൊതുവിഭാഗം) | ₹80000 (വികസനഫണ്ട് പൊതുവിഭാഗം) |
| ബിൽ നം/തീയതി/തുക | 2/09.05.24/₹40755,<br>3/09.05.24/₹30000 | 396/13.02.25/₹70000, 548/11.03.25/<br>₹10000 |

മേൽ പ്രോജക്ട് പ്രകാരം പച്ചക്കറി കൃഷി നടപ്പിലാക്കിയ സ്കൂളുകൾക്ക് ധനസഹായം നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് 157/25 പ്രകാരം സെന്റ് മേരീസ് യു.പി.എസ്, ചേരാനല്ലൂർ ₹40755/-, അൽ ഫറൂഖിയ എച്ച്.എസ്.എസ്, ചേരാനല്ലൂർ ₹30000/-, പ്രോജക്ട് 92/25 പ്രകാരം സെന്റ് മേരീസ് യു.പി.എസ്., ചേരാനല്ലൂർ ₹40000/-, അൽ ഫറൂഖിയ എച്ച്.എസ്.എസ്, ചേരാനല്ലൂർ ₹30000/-, ഗവ. എൽ.പി.എസ്, ചേരാനല്ലൂർ ₹10000/- എന്നിങ്ങനെ ധനസഹായം നൽകിയിട്ടുണ്ട്. പച്ചക്കറി തൈകൾ, വളം എന്നിവ വാങ്ങൽ, നിലമൊരുക്കൽ എന്നീ പ്രവൃത്തികളാണ് സ്കൂളുകൾ നടത്തിയിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം പച്ചക്കറി തൈകൾക്ക് 100 ശതമാനവും വളം വാങ്ങിയതിന് 75 ശതമാനവും സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ്ഥിരം കൃഷി ആയിരുന്നിട്ടു കൂടി നിലമൊരുക്കുന്നതിനായി 12000/-, 24000/- രൂപയുടെ വൗച്ചറുകൾ സ്കൂളുകൾ സമർപ്പിക്കുകയും ആയതിന് സ്ഥലവിസ്തൃതി കണക്കാക്കാതെ 50 ശതമാനത്തോളം സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട് .

സബ്സിഡി മാർഗ്ഗരേഖ ഖ 6.1.9 പ്രകാരം സ്ഥിരം പച്ചക്കറി കൃഷിക്ക് ഒരു ഹെക്ടറിനു നൽകാവുന്ന പരമാവധി നിരക്ക് പന്തൽ ഉൾപ്പെടെ ₹27,000/-, പന്തൽ ഇല്ലാതെ ₹22,000/- എന്നിങ്ങനെയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ(ഡി.എ) 02.09.22ലെ സ.ഉ.(സാധാ)നം.2164/2022/LSGD നമ്പർ ഉത്തരവിലെ ഖ.6 പ്രകാരം കൃഷി ചെലവ് എന്നത് കൂലിചെലവ്, ഉത്പാദനോപാധികൾക്കുള്ള സബ്സിഡി എന്നിവയുൾപ്പെടെയുള്ള ധനസഹായമാണ്. കൃഷിക്കുള്ള മൊത്തം ചെലവിനുള്ള ധനസഹായത്തെ ആവശ്യമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂലി ചെലവ്, ഉത്പാദനോപാധികൾക്കുള്ള സഹായം എന്നിങ്ങനെ രണ്ടായി തിരിച്ച് മാർഗ്ഗരേഖയിൽ കൃഷി ചെലവിന് സൂചിപ്പിച്ചിരിക്കുന്ന പരമാവധി ചെലവ് തുകയിൽ അധികരിക്കാതെ നൽകാവുന്നതാണെന്നും സൂചിപ്പിച്ചിരിക്കുന്നു. കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ധനസഹായം അനുവദിച്ച സ്കൂളുകളിലെ കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കാതെ എപ്രകാരമാണ് തുക അനുവദിച്ചതെന്ന് വ്യക്തമല്ല. കൂടാതെ അംഗീകൃത മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല. കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കേണ്ട തുകയിൽ അധികരിച്ചാണ് തുക നൽകിയതെങ്കിൽ ആയതിന് വിശദീകരണവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 27, തീയതി.26.08.2025) പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൃഷിയിൽ അവബോധം സൃഷ്ടിക്കുന്നതിനും വിഷരഹിതമായ പച്ചക്കറികളിലൂടെ ആരോഗ്യമുള്ള യുവതലമുറയെ സൃഷ്ടിക്കുക എന്ന നല്ല ലക്ഷ്യത്തോടെ രൂപീകരിച്ച പ്രോജക്ട് ആണെന്നും ബില്ലുകളിൽ സമർപ്പിച്ച തുകകൾ സ്കൂളുകൾക്ക് ചെലവായിട്ടുള്ളതാണെന്നും അതിന്റെ 50% ആണ് സബ്സിഡി ആയി അനുവദിച്ചതെന്നും മറുപടി ലഭ്യമാക്കി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം സബ്സിഡി അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ക്യാമറ സ്ഥാപിക്കൽ - അപാകതകൾ

വഴിവക്കിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് എം.സി.എഫ് കോമ്പൗണ്ടിലും പഞ്ചായത്ത് ഓഫീസിലും സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചതിന് 20.04.24 ലെ വൗച്ചർ നം. 22400075(₹352892/-),

22400076(₹349000/-), 22400077(₹349000/-), 22400078(₹349000/-) പ്രകാരം ആകെ 1399892/- രൂപ ആഷർ ഡിജിറ്റൽ സ്റ്റോർ എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

PWD യുമായി സഹകരിച്ച് ക്യാമറ സ്ഥാപിക്കുന്നതിനായി പ്രോജക്ട് നം 37/2022-23 ആവിഷ്കരിച്ച് തുക കൈമാറിയെങ്കിലും ആയത് നടപ്പായില്ല. മേൽ പ്രോജക്ടിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ക്യാമറ സ്ഥാപിക്കുന്നതിനായി 18,47,850.62(15,65,975.10 + 2,81,875.52 (ജി.എസ്.ടി)), ഇലക്ട്രോണിക്സ് എഞ്ചിനീയറുടെ റെമ്യൂണറേഷൻ 39,149.38 ഉൾപ്പെടെ ആകെ തുക 18,87,000/- ആണ്. തുടർന്ന് 18,87,000/- രൂപ എസ്റ്റിമേറ്റ് പ്രകാരം പ്രോജക്ട് നം. 216/23-24 നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. ഇത് പ്രകാരം ക്ഷണിച്ച ഇ ടെൻഡറിൽ ടെൻഡർ വാല്യു ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18,87,000/- ആണ്. ടെൻഡറിൽ പങ്കെടുത്തത് Max Hill Formulas (₹1692654/-), Asher Digital Store (₹1560375.10/-), Trinity Traders (₹1710291.86/-) എന്നീ സ്ഥാപനങ്ങളാണ്. മേൽ സ്ഥാപനങ്ങളിൽ കുറവ് തുകയായ 15,60,376/- രൂപ ക്വാട്ട് ചെയ്ത ആഷർ ഡിജിറ്റൽ സ്റ്റോറിന്റെ ടെണ്ടർ അംഗീകരിച്ച് കരാർ 14.11.2023 ന് ഒപ്പ് വെച്ചിട്ടുള്ളതാണ്. കരാർ പ്രകാരം 15,60,376/- രൂപ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം ആഷർ ഡിജിറ്റൽ സ്റ്റോറിന് നൽകേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം ജി.എസ്.റ്റി ഉൾപ്പെടെ 18,41,242/- രൂപ അനുവദിക്കുന്നതിനായി ആഷർ ഡിജിറ്റൽ സ്റ്റോർ ബില്ല് (ഇൻവോയ്സ് നം. SI-HO-47, തീയതി.29.01.24) സമർപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണോ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണോ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിരിക്കുന്നത് എന്ന് പരിശോധിക്കുന്നതിനായി സ്ഥാപനങ്ങൾ സമർപ്പിച്ച ടെൻഡർ തുകയുടെ വിവരങ്ങൾ (Itemwise BOQ) ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്കായി ലഭ്യമാക്കിയുമില്ല. കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. അത് പ്രകാരം കുറവ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 15,60,376/- രൂപയാണ്. ആയത് പ്രകാരമാണ് ടെൻഡർ അംഗീകരിച്ചതും കരാർ തയ്യാറാക്കിയിരിക്കുന്നതും. കരാറിൽ ഒന്നും തന്നെ ജി.എസ്.ടി യുടെ കാര്യം പ്രത്യേകം പരാമർശിച്ചിട്ടുമില്ല.

ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.03.24 ലെ എസ്.സി.3/9357/24 നമ്പർ ഉത്തരവ് പ്രകാരം ആഷർ ഡിജിറ്റൽ സ്റ്റോറിന് 14,64,280/- രൂപ അനുവദിക്കുന്നതിനും ബാക്കി തുകയായ 3,76,962/- രൂപ അനുവദിക്കുന്നതിനും ഇലക്ട്രോണിക്സ് എഞ്ചിനീയറുടെ തുക അനുവദിക്കുന്നതിനുമായി പ്രോജക്ട് റിവിഷൻ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. തുടർന്ന് പ്രോജക്ട് നം 216/23-24 പ്രകാരം 95436/- രൂപയുടെ ബിൽ മാറിയിട്ടുണ്ട്. അതിൽ ₹64387/- ആഷർ ഡിജിറ്റൽ സ്റ്റോർ (വൗച്ചർ നം. 22301804/27.03.24), ₹31109/- (വൗച്ചർ നം. 22301821/28.03.24) ഇൻകം ടാക്സ് സ്രോതസ്സിൽ കുറവ് ചെയ്തത് എന്നിങ്ങനെയാണ്. 2024-25 വർഷം 13,99,892/- രൂപയും ആഷർ ഡിജിറ്റൽ സ്റ്റോറിന് നൽകിയിട്ടുണ്ട്(20.04.24 ലെ വൗച്ചർ നം. 22400075, 22400076, 22400077, 22400078). 18,41,242/- രൂപയുടെ ബിൽ പഞ്ചായത്ത് അംഗീകരിച്ചതിലൂടെ ക്യാമറ സ്ഥാപിച്ചതിന് എസ്റ്റിമേറ്റ് തുകയോടടുത്ത് തന്നെ പഞ്ചായത്തിന് ചെലവ് വരുന്നതും ടെണ്ടർ നടപടിയിലൂടെ കുറവ് തുകയ്ക്ക് ടെണ്ടർ അംഗീകരിച്ചതിന്റെ പ്രസക്തി ഇല്ലാതാകുന്നതുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 32, തീയതി.28.08.2025) മറുപടി ലഭ്യമാക്കിയില്ല. നാളിതുവരെ 14,95,328/- രൂപയുടെ ബിൽ മാറിയിട്ടുണ്ട്. തൻവർഷം പ്രോജക്ട് റിവിഷൻ ചെയ്തിട്ടുണ്ടെങ്കിലും (നമ്പർ 284/25) തുകയൊന്നും നൽകിയിട്ടില്ല. സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടർ തുകയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ടെണ്ടറിൽ ജി.എസ്.ടി ഉൾപ്പെടെയാണോ ഉൾപ്പെടാതെയുള്ള തുകയോണോ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിരിക്കുന്നതെന്നുള്ള വിവരങ്ങൾ വ്യക്തമായി പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ബാക്കി തുക നൽകേണ്ടതുമാണ്.

## 1-30 വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 07 CQ 2433 ബൊലേറോ, ആംബുലൻസ് KL 07 BW

9238 എന്നിവയുടെ ലോഗ് ബുക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ.(പി)നം.803/70/ഫിൻ,തീയതി.13.11.1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഇതിലെ ചട്ടം 41 പ്രകാരം ഓരോ തവണയും വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി,ആകെ അളവ്, ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഉള്ള ഓഡോമീറ്റർ റീഡിംഗ്,ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും ഒപ്പും എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്കിന്റെ പൂർണ്ണ ശേഷിയിൽ നിറയ്ക്കുവാനാവശ്യമായ ഇന്ധനത്തിന്റെ അളവ്,മുൻപ് ഇന്ധനം നിറച്ചതിനുശേഷം ഓടിയ ദൂരം എന്നിവ വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും ഒരു കിലോ മീറ്ററിന് വേണ്ടി വരുന്ന യഥാർത്ഥ ഇന്ധന ഉപഭോഗം കണക്കാക്കി ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ ശരാശരി ഇന്ധന ഉപഭോഗവുമായി താരതമ്യം ചെയ്യേണ്ടതുമാണ്. ഇക്കാര്യങ്ങൾ കൃത്യമായി ചെയ്ത് പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2) ചട്ടം 3 & 37പ്രകാരം തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും ആകെ യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ്(log Book Summary)ലോഗ് ബുക്കിൽ തന്മാസം അവസാനത്തെ ദിവസം രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല.

3) ജി.ഓ.(എം.എസ്)നം.113/2003/ഫിൻ/24.2.2003 പ്രകാരം വാഹനത്തിന്റെ ഇന്ധന ക്ഷമതാ പരിശോധന വർഷത്തിലൊരിക്കൽ നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

4) വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

5) ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 30/27.08.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഇന്ധനക്ഷമതാ ടെസ്റ്റ് കൃത്യമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ലോഗ്ബുക്ക് പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് ഡ്രൈവർക്ക് കുറിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർക്കുന്ന രജിസ്ട്രേഷൻ നമ്പരുകളിലുള്ള വാഹനങ്ങളുടെ ഇൻഷുറൻസ് 2024-25 വർഷം സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും എടുക്കാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. വിവരം ചുവടെ ചേർക്കുന്നു.

| വാഹന രജിസ്ട്രേഷൻ നമ്പർ | ഇൻഷുറൻസ് തുക | സ്ഥാപനം | വൗച്ചർ നമ്പർ / തീയതി |
|---|---|---|---|
| KL-07DB 5036 | 9322/- | കുട്ടുകാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് | 22400467/21.7.24 |
| KL-07CQ 2433 | 11,670/- | ഓറിയന്റൽ ഇൻഷുറൻസ് കമ്പനി | 22401171/22.11.24 |
| KL-07BW 9238 | 10309/- | ഓറിയന്റൽ ഇൻഷുറൻസ് കമ്പനി | 22401695/13.3.25 |
| KL-07CN 0226 | 31405/- | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി | 22401673 /09.3.25 |

07.8.21ലെ സർക്കുലർ നമ്പർ – ബി2/278/2019 - ഗതാഗത വകുപ്പ്, സർക്കുലർ നമ്പർ 02/2024/ധന, തീയതി 10.01.24 എന്നിവയിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ/ബോർഡ്,

കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങൾക്കുള്ള Comprehensive Insurance Policy, Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദേശം പാലിക്കാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷ്വറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19, തീയതി. 25.08.2025) അടിയന്തിരമായി ഇൻഷ്വറൻസ് പുതുക്കേണ്ടി വന്നതിനാലാണ് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഇൻഷ്വറൻസ് എടുത്തതെന്നും നിലവിലെ ഇൻഷ്വറൻസ് കാലാവധി അവസാനിക്കുന്ന കാലയളവിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ഇൻഷ്വറൻസ് എടുക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശം പാലിച്ചു കൊണ്ട് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷ്വറൻസ് എടുക്കേണ്ടതാണ്.

## 1-32 സർവ്വ ശിക്ഷ കേരളം തുക കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 2/25 |
| പ്രൊജക്റ്റിന്റെ പേര് | സർവ്വ ശിക്ഷ കേരളം -തുക കൈമാറൽ |
| അടങ്കൽ | 999790/- (വികസന ഫണ്ട്) |
| ചെലവ് | 999790/- |
| ബിൽനം.&തീയതി | 265/12-12-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്റ്റിനായി മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 999790/-രൂപ എസ്.എസ്.കെ വിഹിതം ആയി നല്കിയിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11/24-08-2025)ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 999790/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 ഹരിശ്രീ നഗർ കോളനി-ഇടയക്കുന്നം പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം വിനിയോഗവിവരം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 165/25 |
| പ്രൊജക്റ്റിന്റെ പേര് | ഹരിശ്രീ നഗർ കോളനി - ഇടയക്കുന്നം പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം |
| അടങ്കൽ | 500000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം. |
| ചെലവ് | 500000/- |
| ബിൽനം.&തീയതി | 535/27-3-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്റ്റ് പ്രകാരം ഹരിശ്രീ നഗർ കോളനിയുടെ ഭാഗത്തുകൂടി ഒഴുകുന്ന ഇടയക്കുന്നം പുഴയുടെ സൈഡ് വാൾസംരക്ഷണ ഭിത്തി നിർമ്മാണം വാർഡ്-6 എന്ന പദ്ധതി പ്രകാരം 500000/-രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) മൈനർ ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിന്റെ പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട്കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/27-8-25)ലഭ്യമാക്കിയ മറുപടിയിൽ പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 500000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 തെരുവ് വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷം തെരുവ് വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നീ പ്രവർത്തികൾക്കായി കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമനം. | പ്രോജക്ട് നം.&പേര് | അടങ്കൽ | ചെലവ് | ബിൽനം, തീയതി |
|---|---|---|---|---|
| 1) | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ്മാറ്റി സ്ഥാപിക്കൽ (148/25) | 1) 649040 (വികസനഫണ്ട്-ജനറൽ) 2) 211446 (തനത്ഫണ്ട്) | 92443 (തനത് ഫണ്ട്) | 237/13.11.2024 |
| 2) | തെരുവ് വിളക്ക് ഇല്ലാത്ത ഇടങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (273/25) | 1) 831922 (വികസനഫണ്ട് – ജനറൽ) | 745221 | 262/11.12.2024 |
| 3) | തെരുവ് വിളക്ക് ഇല്ലാത്ത ഇടങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (5/25) | 850000 (തനത് ഫണ്ട്) | 45850 | 345/22.01.2025 |
| | ആകെ | | 883514/- | |

മേൽ പ്രോജക്ടുകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട്കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(3/22-8-25) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 883514/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 കുടിവെള്ള പൈപ്പ് ലൈൻ മാറ്റൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷം വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ മാറ്റൽ എന്ന പ്രവർത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം.&പേര് | അടങ്കൽ (ഫണ്ട് ഇനം) | ചെലവ് | ബിൽനം.&തീയതി |
|---|---|---|---|---|
| 1) | പൈപ്പ് ലൈൻ എക്സ്റ്റൻഷനും പഴയപൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കലും(91/25) | 2888000 (ധ.ക.ഗ്രാന്റ്) | 2731100 | 1) 146/27.8.2024 ₹1231100/- 2) 364/29.1.2025 ₹1500000/- |
| 2) | കുടിവെള്ള പൈപ്പ് ലൈൻ മാറ്റൽ (174/25) | 1920500 (ധ.ക.ഗ്രാന്റ്) | 550,000 | 365/29.01.2025 |
| 3) | 2,8,16 എന്നീ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈനുമായി ബന്ധപ്പെട്ട പ്രവർത്തികൾ (160/25) | 182960 (വികസനഫണ്ട് -ജനറൽ) | 182960 | 41/09.05.2024 |
| | ആകെ | | 3464060/- | |

മേൽ പ്രോജക്ടുകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(3/22-08-2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 3464060/-രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

1-36 ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്- വാർഷിക ഓഡിറ്റ് 2024-25 –അനർഹമായി വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - സംബന്ധിച്ച്.

സ.ഉ.(കൈ) നം.97/2020/ധന/ 23.09.2020 നമ്പർ ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ച് പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരികെ അടക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മരണപ്പെട്ട പെൻഷൻകാരുടെ അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിനുശേഷം അനർഹമായി തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത തുക എല്ലാം സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് മരണപ്പെട്ട പെൻഷണറുടെ അവകാശികൾ / ബന്ധപ്പെട്ട ബാങ്കുകൾ എന്നിവർക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും ആയത് പ്രകാരം തുക അടവാക്കിയിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ അന്വേഷിച്ച് നൽകിയ എൻക്വയറിക്ക് (നം.3/22.08.2025) മറുപടിയായി താഴെ ചേർക്കുന്ന മരണപ്പെട്ട പെൻഷൻകാരുടെ അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിനുശേഷം അനർഹമായി ക്രെഡിറ്റ് ചെയ്യപ്പെട്ട തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് മരണപ്പെട്ട പെൻഷണറുടെ അവകാശികൾ / ബന്ധപ്പെട്ട ബാങ്കുകൾ എന്നിവർക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

| ക്രമ നം. | പെൻഷൻ ഐഡന്റിറ്റി നം. | പേര് | അനർഹമായി നല്കിയ തുക |
|---|---|---|---|
| 1 | 10656020639 | ജോസഫ് പി,ബി. | 4800 |
| 2 | 106560201002 | മണി | 8400 |
| 3 | 106560200613 | ജേക്കബ് പി.വി. | 4800 |
| 4 | 106560200166 | അലക്സാണ്ടർ ഇ.ജി. | 12800 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മരണപ്പെട്ട പെൻഷൻകാരുടെ അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിനുശേഷം അനർഹമായി ക്രെഡിറ്റ് ചെയ്യപ്പെട്ട തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

1-37 ജൽജീവൻ മിഷൻ-അവലോകനം

കേരളത്തിൽ ജൽജീവൻ മിഷൻ നടപ്പാക്കുന്നതിന് 08.06.2020-ലെ സ.ഉ (കൈ) 37/2020/ജ.വി.വ നമ്പർ ഉത്തരവ് മുഖേന അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാനം അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ്മപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ്

പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ സമിതിക്ക് സമർപ്പിക്കേണ്ടതത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പ്രൊജക്ട് രൂപീകരിച്ചിരുന്നെങ്കിലും തുക കൈമാറുകയോ ഗുണഭോക്തൃ വിഹിതം ഈടാക്കുകയോ ചെയ്തിട്ടില്ല.

പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. തുടർന്നുകൊണ്ടിരിക്കുന്നു. വാട്ടർ കണക്ഷൻ നല്കുന്നതിനാവശ്യമായ പൈപ്പ് ലൈനുകൾ ഇടുന്ന പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## 1-38 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം .

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | | *3,48,178 +Int: ₹4476 3,52,654* | *10,11,000 +Int:5562 10,26,562* | *4,22,000 +Int:22431 4,44,431* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | *1,75,897 +Int: 2581 1,78,478* | *4,18,000 +Int: 10,541 4,28,541* | *6,65,000 +Int: 11265 6,76,265* |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | - | *3,33,852* | *49,507* | *6,12,369* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | *0* | *1,21,399* | 3,31,038 |

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| പ്രോജക്ട് | ചെലവ് 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| **സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി.** | | | | |
| രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | - | *3,33,852* | *49,507* | *6,12,369* |
| **കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.** | | | | |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | - | *0* | *1,21,399* | *3,31,038* |
| **ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.** | | | | |
| കെട്ടിട നിർമാണം | | | | |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം .

നിർമ്മാണപ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100203) State Bank Of India- |
|---|---|---|

| | (320100202) State Bank Of India- A/C No.40862625015 ₹ | A/C No.40862626416 ₹ |
|---|---|---|
| മുന്നിരിപ്പ് | 9,95,857 | 4,85,620 |
| വരവ് (പലിശ ഉൾപ്പെടെ) | 4,22,000+ (Int-22431) 4,44,431 | 6,65,000+ (Int-11265) 6,76,265 |
| ആകെ | 14,40,288 | 11,61,885 |
| ചെലവ് | 6,12,369 | 3,31,038 |
| നീക്കിയിരിപ്പ് | 8,27,919 | 8,30,847 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽനികുതി കുറവായി ഈടാക്കി - വരവ് നഷ്ടം ₹5490/-

I) 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ജീവനക്കാരിൽ നിന്നും നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചതു പ്രകാരം താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും[പരിഷ്കരിച്ച സ്ലാബ് – സ.ഉ(സാധാ)നം.1149/2024/ എൽ.എസ്.ജി.ഡി., തിരുവനന്തപുരം തീയതി 27.06.2024)] രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പേര് | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് | രസീത് നം./ രണ്ടാം അർദ്ധവർഷം |
|---|---|---|---|---|---|
| (എ) ലുലു ഫിനാൻഷ്യൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, 1240603792/25.03.25 | | | | | |
| ശ്രീമതി അന്ന ജോർജ്ജ് | 40000 | 600 | 450 | 150 | 1240603792 /25.03.25 |
| (ബി) ENJAYS എഞ്ചിനീയറിംഗ് | | | | | |
| ശ്രീ. അൽജൊ അലക്സ് | 101009 | 1000 | 450 | 550 | 1240601945 /17.02.25 |
| (സി) ചേരാനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം | | | | | |
| (1) ശ്രീ.അമൽ കെ. എൽ | 54000 | 750 | 600 | 150 | 1240602992 /20.03.25 |
| (2) ശ്രീ.ജെയിംസ് കെ.ജെ. | 54000 | 750 | 600 | 150 | |
| (ഡി) പ്രൊലിഫിക്ക് എച്ച്.ആർ.കൺസൽട്ടന്റ്സ് ഇന്ത്യ ലിമിറ്റഡ്. | | | | | |
| (1)ശ്രീമതി സീന പി.വി. | 74280 | 750 | 600 | 150 | 1240603409 /29.03.25 |
| (2)ശ്രീമതി. ഷാരി ശാന്ത | 65403 | 750 | 600 | 150 | |
| (3)ശ്രീ.ഡുഡു ജൊനാൾഡ് ജോസ് | 31018 | 600 | 300 | 300 | |
| (4)ശ്രീ.ഷംനാദ് സലിം | 60114 | 750 | 600 | 150 | |

| | | | | |
|---|---|---|---|---|
| (5)ശ്രീ.അഖിൽ എസ്. നായർ | 26196 | 450 | 180 | 270 |
| (6)ശ്രീ.സുരേഷ് എസ്. | 16105 | 320 | 120 | 200 |
| (7)ശ്രീ.മുകുന്ദൻ എസ്. | 17495 | 320 | 120 | 200 |
| (8)ശ്രീ.മുഹമ്മദ് ഫാസിൽ പി.വി. | 35462 | 600 | 300 | 300 |
| (9)ശ്രീ.അഖിൽ എൻ.എസ്. | 33839 | 600 | 300 | 300 |
| (10)ശ്രീ.എനാസ് കഫീൽ ഇ. | 43846 | 600 | 300 | 300 |
| (11)ശ്രീ.ഷിനു ഇ.ജെ. | 62124 | 750 | 600 | 150 |
| (12)ശ്രീ.ആഷിക് ജോഷി | 74567 | 750 | 600 | 150 |
| (13)ശ്രീ.മുഹമ്മദ് അസ്ജൽ പി.പി. | 56674 | 750 | 450 | 300 |
| (14)ശ്രീ.അഖിൽ പി.പി. | 67308 | 750 | 600 | 150 |
| (15)ശ്രീമതി.ഭാഗ്യ മോഹൻ | 16123 | 320 | 120 | 200 |
| (16)ശ്രീ.വിഷ്ണു അയ്യപ്പൻ | 64156 | 750 | 600 | 150 |
| (17)ശ്രീ. മാരിയപ്പൻ കെ.കെ. | 42251 | 600 | 300 | 300 |
| (18)ശ്രീ. അനൂപ് എ | 16551 | 320 | 120 | 200 |
| (19)ശ്രീ.അനന്തു വി | 24294 | 450 | 180 | 270 |
| (20)ശ്രീ.എഡ്‌വിൻ കെ.വി. | 50375 | 750 | 450 | 300 |
| ആകെ | | | | 5490 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം കുറവായി ഈടാക്കിയ തൊഴിൽനികുതി ₹5490/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹമായതിലും അധികം തുക അനുവദിച്ചു-5000/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 146/25 (SO)<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹2,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹2,00,000 |
| ബിൽ നമ്പർ/BRN, തീയതി, തുക | 24110152010900336378/27.06.24, |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പാക്കിയ 146/25 നമ്പർ പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ദേവിക കൃഷ്ണകുമാർ, കണ്ടനാട്ടുതറ, ചിറ്റൂർ എന്ന വിദ്യാർത്ഥിനി Xylem Learning (P) Ltd ൽ എൻട്രൻസ് കോച്ചിംഗിൽ (NEET) പങ്കെടുത്ത് വരുന്ന ഗുണഭോക്താവാണ്. സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.4 (9) അനുസരിച്ച് പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസ് കോച്ചിംഗിന് 15,000/-രൂപയാണ് സ്കോളർഷിപ്പായി നൽകാവുന്നത്. എന്നാൽ ഈ വിദ്യാർത്ഥിനിക്ക് ടിയാളുടെ അക്കൗണ്ടിലേയ്ക്ക് 20,000/-രൂപ (നം-SBI-40740909322) കൈമാറിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം-10/24.08.25 ) അധികമായി കൈപ്പറ്റിയ തുക തിരികെ അടക്കുവാൻ ഗുണഭോക്താവിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 5000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്താവ് തിരികെ അടവാക്കാത്ത പക്ഷം മേൽ തുക ഉത്തരവാദിയായ

ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം -അവലോകനം

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 25 | ₹107500* | ₹107500/- | ₹9500/- |

* 18 ജീവനക്കാർ X ₹500 X 7 മാസം = ₹63000/-

17ജീവനക്കാർ X ₹500 X 3 മാസം = ₹25500/-

19 ജീവനക്കാർ X ₹500 X 2മാസം = ₹19,000/-

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| ഇല്ല | | | | |

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള | | | |

| റഗുലർ ജീവനക്കാർ ഇല്ല |
|---|

4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| ഇല്ല | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-3 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1,00,000 | അതിദരിദ്രരുടെ വീട് വാസ യോഗ്യമാക്കൽ | 1,00,000 | 0 |
| | 2024-25 | 1,60,000 | ലൈഫ് ഭവന നിർമ്മാണം – എസ്.സി. | 1,60,000 | 0 |
| | 2024-25 | 5,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 5,00,000 | 0 |
| | 2024-25 | 2,00,000 | അങ്കണവാടി പോഷകാഹാരം | 2,00,000 | 0 |
| | 2024-25 | 50,000 | സ്നേഹ കട്ടിൽ | 50,000 | 0 |
| | 2024-25 | 2,00,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| | 2024-25 | 1,50,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000 | |
| | 2024-25 | 5,00,000 | സംരക്ഷണഭിത്തി നിർമാണം | 5,00,000 | |
| | 2024-25 | 30,127 | പാൽ സബ്സിഡി | 30,127 | |
| | 2024-25 | 49,855 | പാൽ സബ്സിഡി | 49,855 | |
| | 2024-25 | 500 | സമഗ്രനെൽകൃഷി വികസനം | 500 | |
| | 2024-25 | 50,000 | അങ്കണവാടിക്ക് മിക്സി | 50,000 | |
| ആകെ | | ₹19,90,482 | | ₹19,90,482 | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,60,000 | ലൈഫ് ഭവന നിർമ്മാണം - ജനറൽ | 1,60,000 | 0 |
| | 2024-25 | 2,00,000 | ലൈഫ് സ്ഥലം വാങ്ങൽ | 2,00,000 | 0 |
| | 2024-25 | 2,000 | സമഗ്രനെൽകൃഷി വികസനം | 2,000 | 0 |
| | 2024-25 | 5,11,408 | സെന്റ് ജോർജ് കപ്പേള റോഡ് റിനോവേഷൻ | 5,11,408 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | 1,69,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 1,69,000 | 0 |
| | 2024-25 | 2,90,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,90,000 | 0 |
| | 2024-25 | 5,97,337 | കർഷക റോഡ് കാന നിർമാണം | 5,97,337 | 0 |
| | 2024-25 | 6,41,970 | ഹരിശ്രീ റോഡ് മെയിന്റനൻസ് | 6,41,970 | 0 |
| | 2024-25 | 6,48,000 | സെന്റ് ജയിംസ് റോഡ് മെയിന്റനൻസ് | 6,48,000 | 0 |
| ആകെ | | ₹32,19,715 | | ₹32,19,715 | 0 |

ബ്ലോക്ക് പഞ്ചായത്ത് ചെലവ് തുകയിൽ 5,00,000/-രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ആണ്. ജില്ല പഞ്ചായത്ത് ചെലവ് തുകയിൽ 6,48,000/-രൂപ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്മാറ്റി സ്ഥാപിക്കൽ (148/25) (ത.ഫണ്ട്) | 237/13.11.24 | 92443 | 0 | 92443 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ഇല്ലാത്ത ഇടങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (273/25) (വികസനഫണ്ട്) | 262/11.12.24 | 745221 | 0 | 745221 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക്ഇല്ലാത്ത ഇടങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (5/25)(തനത് ഫണ്ട്) | 345/22.01.25 | 45850 | 0 | 45850 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷനും പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കലും(91/25) (ധ.ക.ഗ്രാന്റ്) | 146/27.08.24-12,31,100<br>364/29.01.25-15,00,000 | 2731100 | 0 | 2731100 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ മാറ്റൽ (174/25) (ധ.ക.ഗ്രാന്റ്) | 365/29.01.25 | 550,000 | 0 | 550,000 |
| കേരള വാട്ടർ അതോറിറ്റി | 2,8,16 എന്നീ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈനുമായ ബന്ധപ്പെട്ട പ്രവർത്തികൾ | 41/09.05.24 | 182960 | 0 | 182960 |

| | | | | | |
|---|---|---|---|---|---|
| | (236/25) (വികസനഫണ്ട്-ജനറൽ) | | | | |
| | | ആകെ | 4347574/- | | 4347574/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - ഹഡ്കോ | 15,22,508 | 14,54,000 | 29,76,508 | *5,29,045 | | 24,47,463 |
| ലൈഫ് - കെ.യു. ആർ. ഡി.എഫ്.സി. | 2,20,000 | 10,00,000 | 12,20,000 | 0 | - | 12,20,000 |

*ജി.ഒ. പ്രോജക്ട്
ലൈഫ് ജനറൽ ( 328/25 ) - 2,64,402/-
ലൈഫ് ജനറൽ ( 329/25 ) - 2,64,643/-
ആകെ – 529045/-

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 1,26,84,537 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| തുക | 6,69,433 |
| ആകെ | 1,33,53,970 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,33,53,970 |

(ചേരാനെല്ലൂർ സർവീസ് സഹകരണ ബാങ്ക്- അക്കൗണ്ട് നം. 009655)

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9277/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2023-24 | ഓഡിറ്റ് എൻക്വയറി നം.20 | 1255/- | ശ്രീ.ലിജ്ജ പൗലോസ്, കോൺട്രാക്ടർ | 1240600004/11.09.24 |
| 2023-24 | ഓഡിറ്റ് എൻക്വയറി നം.20 | 1300/- | ഇ.വി.എം പ്രീമിയം കാർ ലിമിറ്റഡ്, മഞ്ഞുമ്മൽ കവല | 1240600005/11.09.24 |
| 2023-24 | ഓഡിറ്റ് എൻക്വയറി നം.20 | 750/- | ഇ.വി.എം പ്രീമിയം കാർ ലിമിറ്റഡ്, മഞ്ഞുമ്മൽ കവല | 1240600023/11.09.24 |

| | | | | |
|---|---|---|---|---|
| 2023-24 | ഓഡിറ്റ് എൻക്വയറി നം.20 | 650/- | സിമാർ കൊച്ചിൻ ഹോസ്പിറ്റൽ | 1240600024/11.09.24 |
| 2023-24 | ലഭ്യമാക്കിയില്ല | 5322/- | മിനിമോൾ കെ, ക്ലർക്ക് | 1240301242/14.06.24 |
| | ആകെ | 9277/- | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവ് വിളക്കുകൾ വാങ്ങിയതിൽ സംഭവിച്ച നഷ്ടം | ഉത്തരവാദിയായ എൽസമ്മ കൊയലോയുടെ ഡിസിആർജിയിൽ നിന്നും ഈടാക്കിയ 54,511/- പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കണമെന്ന് കാണിച്ച് പലതവണ ട്രഷറിയിൽ കത്ത് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ അതിന്മേൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. |

## 4-10 ചാർജ് – സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്തവിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹11,18,72,051.74 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹8,54,39,727.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹5,490.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹5,000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹63,80,643 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,490.00 | 0 | ശ്രീമതി. ഷംന കെ. കെ., സെക്രട്ടറി |
| 3-1 | 0 | 5,000 | ശ്രീ മനു ടി.പി, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 3,60,983 | ഡോ.സുധീഷ്.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-23 | 48,400 | ശ്രീമതി ഏയ്സൽ സഞ്ജു ഡിക്കുഞ്ഞ, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, ചേരാനല്ലൂർ |
| 1-26 | 1,23,896 | ഡോ.അമ്പിളി കെ. എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-32 | 9,99,790 | ശ്രീമതി ഷംന കെ. കെ, സെക്രട്ടറി, |
| 1-33 | 5,00,000 | ശ്രീമതി ഷംന കെ. കെ, സെക്രട്ടറി |
| 1-34 | 8,83,514 | ശ്രീമതി ഷംന കെ. കെ, സെക്രട്ടറി |
| 1-35 | 12,31,100 | ശ്രീ മനു ടി. പി, സെക്രട്ടറി ഇൻ ചാർജ് |
| | 20,50,000 | ശ്രീമതി ഷംന കെ. കെ, സെക്രട്ടറി |
| | 1,82,960 | ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| ആകെ | 63,80,643 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തമായ നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മനു ടി. പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് | ഇരിങ്ങാത്തുരുത്തി ഹൗസ് കടുങ്ങമംഗലം വെസ്റ്റ് തിരുവാങ്കുളം പി. ഒ. |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തര വാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷംന കെ. കെ, സെക്രട്ടറി | സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | മാമ്പുഴയത്ത് വീട് കേരളപുരം, വെള്ളിമൺ പി.ഒ പെരിനാട്, കൊല്ലം |
| ഡോ. സുധീഷ് കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ചേരാനല്ലൂർ | പത്മ ഹൗസ് വാരണ്ണൂർ കട്ടിപോയിൽ പി.ഒ നീലേശ്വരം, |

| | | |
|---|---|---|
| | | കാസർകോട് |
| ഡോ.അമ്പിളി കെ.എസ്,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ<br>ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | മന്നാലി ഹൗസ്<br>പൂപ്പാനി റോഡ്<br>പെരുമ്പാവൂർ |
| ശ്രീമതി ഏയ്സൽ സഞ്ജു ഡിക്കുഞ്ഞ,<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്,<br>ജി.എൽ.പി.എസ്<br>ചേരാനല്ലൂർ | പാനായിക്കുളത്ത്<br>ഹൗസ്, വട്ടുതല |
| ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ,<br>സെക്രട്ടറി | വിരമിച്ചു | വാഴവേലിക്കകത്ത്,<br>കെ.കെ.പി. റോഡ്<br>അയ്യപ്പൻകാവ്,<br>എറണാകുളം |

## 4-12 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീയതി. 07.06.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.10)2016/16 തീയതി.13-12-2016 |
| 2016-17 | കെ.എസ് എ ഇ കെ.എം (പി10)1861/17/ 20.07-2017 |
| 2017-18 | കെ.എസ് എ ഇ കെ.എം (പി10)2198/18/ 06.02-2019 |
| 2018-19 | കെ.എസ് എ ഇ കെ.എം (പി10)1691/19/ 07.11-2019 |
| 2019-20 | കെ.എസ് എ ഇ കെ.എം (പി10)519/2021/31.03.21 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം (പി10) 1949/2021 തീയതി 08.03.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം (പി10) 1729/2022 തീയതി 12.12.2022 |
| 2022-23 | കെ.എസ്.എ.-ഇ.കെ.എം (പി10) 1237/2023 തീയതി 10.10.2023 |
| 2023-24 | കെ.എസ്.എ.-ഇ.കെ.എം (പി10) 1413/2024 തീയതി 30.10.2024 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 30-07-2025 and submitted on 30-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Cheranallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Cheranallur Grama Panchayat as on 31-03-2025

Date: 21/10/2025

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Cheranallur Grama Panchayat for the Year 2024-2025 .**

**1.Major Observations**

NIL

**2.Other Observations**

1) Ratios are not included in AFS

2) Defect in Cash Flow Statement

3) Details of Redemption amount not furnished.

4) Grant amount accounted in wrong head.

5) Joint venture (DP) expenditure not included in AFS.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്